# അദ്ധ്യായം രണ്ട്

## ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം ഭാരതീയകവിതയിൽ

വിവിധഭാഷകളിലൂടെ പുലരുന്ന ഭാരതീയകവിതയിൽ ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനത, എത്രമാത്രമുണ്ടായിരുന്നുവെന്നതു് അന്വേഷണാർഹമാണു്.

മഹാത്മാഗാന്ധിയുടെ രംഗപ്രവേശത്തിനു മുൻപുതന്നെ പ്രാദേശിക ഭാഷകളിലെ കവികൾ ദേശാഭിമാനചിന്തകളാവിഷ്കരിച്ചു തുടങ്ങിയിരുന്നു. ഗാന്ധിജി നേതൃത്വം ഏറ്റതോടുകൂടി ഭാരതത്തിലൊട്ടാകെ ദേശീയബോധത്തിന്റെ വികാരത്തുടിപ്പുകൾ അനുഭവപ്പെടുകയും കവിതകളിൽ പ്രതിസ്പന്ദിക്കുകയും ചെയ്തു. ഗാന്ധിയൻ ചിന്തകൾ ആസ്തിക്യബോധത്തിലും ധാർമ്മികമൂല്യങ്ങളിലും അധിഷ്ഠിതമായിരുന്നു. തൻമൂലം ആ ചിന്താപദ്ധതികളിൽ പലരും ആകൃഷ്ടരായി. കവികൾ ഗാന്ധിയൻ ദർശനങ്ങളുടെ പ്രവക്താക്കളും പ്രഘോഷകരുമായി മാറി. പ്രമേയത്തിന്റെയും കഥാവസ്തുവിന്റെയും തെരഞ്ഞെടുപ്പിൽ മാത്രമല്ല, രചനാരീതിയിൽപോലും ഗാന്ധിജിയുടെ പ്രഭാവമുണ്ടായി. "ലളിതവും ഋജുവുമായ ആവിഷ്കരണരീതിക്കു് അദ്ദേഹം പ്രാധാന്യം കല്പിച്ചു"[1].

സാഹിത്യത്തിന്റെ വിവിധശാഖകളിൽ ഈ സ്വാധീനത പ്രകടമായെങ്കിലും കവിതയിലാണു് അവ കൂടുതൽ സമർത്ഥമായി ആവിഷ്കരിക്കപ്പെട്ടതു്. "കവിതയിൽ സംഗീതവും അർത്ഥവും ബിംബവും ഗാഢമായി സമ്മേളിക്കുന്നതുകൊണ്ട് ഭാരതീയകവിതയാണു് മറ്റു സാഹിത്യരൂപങ്ങളേക്കാൾ ഭാരതീയതയുടെ സാരാംശം ആവിഷ്കരിക്കുന്നതു്. അതു ഭാരതീയതയുടെ മന്ത്രങ്ങൾ നമുക്കു പ്രദാനം ചെയ്യുന്നു", എന്നിങ്ങനെ വി.കെ. ഗോകക്കു് പ്രസ്താവിക്കുന്നതു്

ഇത്തരുണത്തിൽ സ്മർത്തവ്യമത്രേ.[2] ഭാരതത്തിലെ സംപുഷ്ട ഭാഷകളിൽ, പ്രകടമായ ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനത വിചിന്തനാർഹമാണ്.

**അസമിയ**

അസാമിൽ രാഷ്ട്രീയവും സാമൂഹികവുമായ പരിഷ്കരണത്തിന് 1903 മുതൽ അസം അസോസിയേഷൻ നേതൃത്വം നല്കിയിരുന്നു. ഇൻഡ്യൻ നാഷനൽ കോൺഗ്രസ് അസാമിൽ നിലവിൽ വന്നതോടെ അസോസിയേഷൻ അതിൽ ലയിച്ചു. അസാമിയ, ബന്താരി, ചേതന എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ കവികൾ ദേശസ്നേഹത്തേയും സ്വാതന്ത്ര്യദാഹത്തേയും ശക്തിപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്.[3]

"ഈ കവികളുടെ കൂട്ടത്തിൽ ലക്ഷ്മീനാഥ് ബസ്ബറുവ ആണ് സർവകുശലൻ. ഇദ്ദേഹം ഉത്തമനായ കവിയും മഹാനായ ഉപന്യാസകാരനും വിഖ്യാതനായ പത്രപ്രവർത്തകനും ആയിരുന്നു. . . . . 'അമോർ ജൻമഭൂമി' 'മോർദേശ', അസ്സാം സംഗീത്, ബീൻബൈരാഗി ഇത്യാദി ദേശാഭിമാന ഗാനങ്ങളിലും, കവിതകളിലും അസ്സാം സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രശസ്തിയും മഹിമയും ഇദ്ദേഹം ഹാർദ്ദമായ അഭിമാനത്തോടും ആദരവോടും പ്രദർശിപ്പിച്ചിട്ടുണ്ട്".[4]

"ഭൂതകാലത്തിന്റെ ആദർശവല്ക്കരണം, ബസ്ബറുവയുടെ ദേശീയബോധത്തിനു പ്രചോദനം നല്കുന്നുണ്ട്. അദ്ദേഹത്തിന്റെ കവിത സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടിരുന്ന അധഃകൃതരും മർദ്ദിതരുമായ ജനങ്ങളുടെ മേൽ പ്രകാശം ചൊരിയുകയും അവർക്ക് ധൈര്യവും ആത്മവിശ്വാസവും നല്കുകയും ചെയ്തിട്ടുണ്ട് എന്ന് എടുത്തു പറയേണ്ടതില്ല."[5]

ദേശാഭിമാനകവിതകൾ രചിച്ച മറ്റൊരു കവി കമലാകാന്ത ഭട്ടാചാര്യയാണ്. 'ഭട്ടാചാര്യയുടെ കവിതകളിൽ സ്വരാജ്യസ്നേഹിയുടെയും തത്വചിന്തകന്റെയും സാമൂഹികപരിഷ്കർത്താവിന്റെയും ശബ്ദങ്ങൾ കലർന്നിട്ടുണ്ട്. അസാമീയ സാഹിത്യത്തിൽ ആദ്യമായി വിശാലമായ ദേശസ്നേഹത്തിന്റെ കാഹളം മുഴക്കിയത് അദ്ദേഹമാണ്. . .

"കമലാകാന്തന്റെ ശ്രദ്ധേയങ്ങളായ രണ്ടു കവിതാസമാഹാരങ്ങളാണ് ചിന്താനാളവും ചിന്താതരംഗിണിയും. അസ്വാതന്ത്ര്യത്തിനും അതു വരുത്തിത്തീർത്ത ദുരിതങ്ങൾക്കും എതിരായി അദ്ദേഹം പ്രതിഷേധശബ്ദം ഉയർത്തുന്നു. ശ്രേഷ്ഠവും ഐശ്വര്യപൂർണ്ണവുമായ ഭൂതകാലവും അന്ധകാരാവൃതമായ വർത്തമാനകാലവും തമ്മിലുള്ള ദുഃഖകരമായ അന്തരം അദ്ദേഹത്തിന്റെ കവിതകളിൽ പലപാട് ആവർത്തിക്കപ്പെട്ടിട്ടുള്ള വിഷയമാണ്. ഒരു ഭാരതീയനായതിൽ കവി അഭിമാനം കൊള്ളുന്നു."[6]

പാഹരണി (വിസ്മൃതി) എന്ന കവിതയിൽ, വിസ്മൃതമായ ഭൂതകാലമേന്മകൾ അയവിറക്കുന്നു. 1919-ൽ പ്രസിദ്ധപ്പെടുത്തിയ 'ഹിമാലയ പ്രതിസംബോധൻ' എന്ന കവിതയിൽ ഹിമാലയത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഇൻഡ്യയുടെ പ്രാചീനമഹത്വം അനുസ്മരിക്കുന്നു.

അസാമിലെ മറ്റൊരു പ്രമുഖകവി ഹിതേശ്വർ ബറുവ മാതൃഭൂമിയോടുള്ള സ്നേഹത്തെ പുരസ്കരിച്ചെഴുതിയ ചില വരികൾ അസാം ജനതയുടെ ഇടയിൽ പഴഞ്ചൊല്ലുകളായി പരിണമിച്ചിട്ടുണ്ട്.

"ആരുതാനങ്കംവെട്ടിയർപ്പിപ്പൂ ജീവൻ രണ
ഭൂമിയിൽ സ്വന്തം മാതൃഭൂമിതൻ സ്വാതന്ത്ര്യാർത്ഥം.
അമ്മഹാഭാഗാനുഭൂതമാം പരാനന്ദം
മൃത്യുവിൻശേഷം; മൃത്യുമെന്തുമവനോർത്താൽ
ഭവബന്ധനമറ്റ വിശ്രമം; സനാതനം
ജഗദംബ തൻ മടിത്തട്ടിലെപ്പൂർണ്ണാനന്ദം
അഗ്നിയോ മധുരമാം ചന്ദ്രിക; വെറുംചെളി-
മൺകിടക്കയോ മൃദുകോമളം സുമശയ്യ;
മെയ്യിനെത്തുളച്ചേറും ചാട്ടുകുന്തങ്ങൾ തൻമേൽ
പെയ്തിടും സുശീതള പുഷ്പവൃഷ്ടിയും മാത്രം!"[7]

ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയും സാമൂഹിക പരിഷ്കരണത്തിനു വേണ്ടിയും പടപൊരുതിയ കവിയാണ് അംബികാറോയ് ചൗധരി. ...സ്വരാജ്യസ്നേഹം അദ്ദേഹത്തിന്റെ കവിതയിൽ ശക്തിയുള്ള അന്തർദ്ധാരയായി വർത്തിക്കുന്നു. .... ദേശീയപ്രസ്ഥാനത്തിൽ പങ്കെടുത്തതിന് തടവുശിക്ഷയും അനുഭവിച്ചു, അദ്ദേഹം.[8]

ദേശാഭിമാനപരങ്ങളായ കവിതകൾ ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനത്താൽ രചിച്ച മറ്റു ചില കവികളുമുണ്ട്. ഇവരിൽ നാലുപേർ സാഹിത്യത്തിൽ മായാത്തമുദ്രപതിപ്പിച്ചിട്ടുണ്ട് എന്ന് മഹേന്ദ്ര ബോറ അഭിപ്രായപ്പെടുന്നു.[9] "പത്മധർചാലിഹ (1895–1968), ജോതി പ്രസാദ് അഗർവാല (1903–51), പ്രസന്നലാൽ ചൗധുരി (1902), ബിനന്ദു ചന്ദ്രബറുവ (1905) എന്നിവരാണ് ഈ കവികൾ. ഇവരെല്ലാം തന്നെ സാമൂഹികതത്വശാസ്ത്രത്തെ സംബന്ധിച്ച ഗാന്ധിയൻ ചിന്തകൾ സ്വാംശീകരിച്ച് തങ്ങളുടെ ആശയസംപത്തു വിപുലമാക്കിയിട്ടുണ്ട്. അതേ സമയം

കവിതയെന്ന പേരിൽ അനുചിതമായി വ്യവഹരിക്കപ്പെടുന്ന പദ്യരൂപത്തിലാക്കിയ രാഷ്ട്രീയചർച്ചയുടെ വൈകൃതം തങ്ങളുടെ കൃതികളിൽ നിന്ന് ഒഴിച്ചു നിർത്താൻ അവർക്കു കഴിഞ്ഞിരിക്കുന്നു. മാതൃഭൂമിയുടെ സൗകുമാര്യം വർണശബളമായി വരച്ചുകാട്ടിയ കവിയാണ് ഷാലിഹ. പ്രസന്നലാൽ ആകട്ടെ, സാമൂഹിക പരിഷ്കാരത്തിനു വേണ്ടിയുള്ള അദമ്യമായ അഭിലാഷം പ്രകാശിപ്പിക്കുന്നു. . . . . ജ്യോതിപ്രസാദ് ഒരേ സമയം ഒരു ദാർശനിക ചരിത്രകാരനും പ്രവാചകൻ കൂടിയായ കലാകാരനും ആണ്.[10]

നളിനിബാലദേവ, ദിംബേശ്വർ നിയോഗ് എന്നിവരും ദേശസ്നേഹപരങ്ങളായ കവിതകൾ രചിച്ചു.

## ഉർദു

1857-ലെ സ്വാതന്ത്ര്യസമരത്തിൽ പല ഉർദുകവികളും ബ്രിട്ടീഷ് മർദനത്തെ അധിക്ഷേപിച്ചും നാടിന്റെ ദയനീയനിലയിൽ സങ്കടപ്പെട്ടും നീണ്ട കവിതകളും ലഘുകവിതകളും എഴുതി. 'ഷഹർ അഷോബ്'[11] എന്ന പേരിൽ ഒരു പ്രത്യേക ശാഖയായിത്തന്നെ ഇതു വളർന്നുവന്നു.

ആധുനിക ഉർദു കവിതയുടെ നെടുംതൂണുകളായി കരുതപ്പെടുന്നവർ ഹാലിയും ഇഖ്ബാലുമാണ്. ആധുനികരിൽ ഹാലിയാണ് ആദ്യമായി ഭാരതത്തെക്കുറിച്ച് ഉദ്ഗാനം ചെയ്തതും ഭാരതത്തിന്റെ രാഷ്ട്രീയമായ അധോഗതിയെച്ചൊല്ലി വിലപിച്ചതും. "പിന്നെ അധികനാൾ അദ്ദേഹത്തിന്റെ കവിത യഥാർത്ഥജീവിതത്തിൽ നിന്നു വേർപെട്ടു നിന്നില്ല. അത് യഥാർത്ഥജീവിതത്തിന്റെ ശബളവർണങ്ങളെ പ്രതിഫലിപ്പിക്കുകയും അങ്ങനെ പിൽക്കാലത്തെ എഴുത്തുകാർക്കുവേണ്ടി ഉത്തമമാതൃകകൾ സ്ഥാപിക്കുകയും ചെയ്തു എന്നു

പറയുകയായിരിക്കും ഭേദം. പുതിയ വിഷയങ്ങളെ അധികരിച്ചുള്ള കവിതകൾ പിന്നെയും പിന്നെയും ആവിർഭവിച്ചു. മിക്കവയും അന്യഭാഷകളിലെ കൃതികളുടെ അനുവാദങ്ങളും രൂപാന്തരങ്ങളും ആയിരുന്നു എന്നുള്ളതു ശരിതന്നെ. എങ്കിലും ഉദാത്തങ്ങളും ദേശാഭിമാനപരങ്ങളുമായ ചിന്തകൾ നിറഞ്ഞവയും രാജ്യത്തോട് ഏതാണ്ടൊരു സ്ത്രൈണമായ രാഗദാർഢ്യം പ്രദർശിപ്പിക്കുന്നവയും ആയ സ്വതന്ത്രകൃതികളും ഒട്ടുവളരെ ഉണ്ടായിരുന്നു"[12]

ഖിലാഫത്ത്-നിസ്സഹകരണപ്രസ്ഥാനങ്ങൾ ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചക്കെതിരേ തീവ്രമായ അമർഷവും പ്രതിഷേധവും ഉണർത്തി. മുഹമ്മദ് ഇക്ബാലായിരുന്നു, ഈ കാലഘട്ടത്തിലെ പ്രമുഖനായ കവി. ഒരു സൂക്ഷ്മദൃക്കായ കലാകാരൻ എന്ന നിലയിൽ പാശ്ചാത്യ കോളോണിയൽ വാഴ്ച ഏഷ്യൻ ജനതയുടെ മേൽ അടിച്ചേല്പിച്ച മർദ്ദനവാഴ്ച അദ്ദേഹത്തെ വളരെ വേദനിപ്പിച്ചു. "അദ്ദേഹത്തിന്റെ പ്രഥമ സമാഹാരമായ ബൻഗിദിരാ(സംഘയാത്രികരുടെ മണിനാദം) 1923-24 ലാണ് പ്രസിദ്ധീകരിച്ചതു്. അതിൽ ഉർദുവിലെ രാഷ്ട്രീയവും ദേശഭക്തിപരവുമായ കാവ്യങ്ങളിൽ ഏററവും മികച്ചവയെന്നു കരുതപ്പെടുന്ന തസ്വീർ-ഈ-ദർദ്(പീഡാചിത്രം), ഹിമലാ(ഹിമാലയ), നയാശിവലാ(നവീനക്ഷേത്രം), തരനാ-ഈ-ഹിന്ദി (ഇൻഡ്യാക്കാരുടെ പാട്ട്) എന്നീ കവിതകൾ അടങ്ങിയിരിക്കുന്നു. അവസാനം പറഞ്ഞ കവിത (സാരേജഗാം സേ അച്ഛാ ഹിന്ദുസ്ഥാൻ ഹമാരാ എന്നാരംഭിക്കുന്നതു്) സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപു് ഏതാണ്ടു് ഇൻഡ്യയുടെ ദേശീയഗാനത്തിന്റെ പദവി അലങ്കരിക്കുകയുണ്ടായി."[13]

"ആയിരത്തി തൊള്ളായിരത്തി നാല്പതുകളിൽ രംഗത്തു വന്ന ഒരു കൂട്ടം പ്രഗത്ഭരായ യുവകവികൾ ജവാഹർലാൽ നെഹ്റുവിൻെറ വ്യക്തിത്വത്തിലും ദേശീയാദർശങ്ങളാലും ഏറെ പ്രഭാവിതരായിരുന്നു എന്നു് ആനുഷംഗികമായി പറയട്ടെ. സാഗർനിസാമിക്കു പുറമെ ഈ സംഘത്തിൽപ്പെട്ടവർ ആനന്ദ് നാരായണമുല്ലാ, അൽ ഈ അഹമ്മദ് സുരൂർ, അലി ജവാദ് സയ്ദി, രവിഷ്സിദ്ദിക് എന്നിവരായിരുന്നു. നെഹ്റുവിനാൽ ഉണർത്തപ്പെട്ട അവർ മതേതരത്വം സാമ്പത്തിക സാമൂഹ്യ സമത്വം, രാഷ്ട്രീയ സ്വാതന്ത്ര്യം എന്നീ സങ്കല്പങ്ങളിൽ വിശ്വാസമർപ്പിച്ചു. ജമിൽ മജഹരി, സീമാബ് അക്ബറാബാദി തുടങ്ങി പലരും ഭാരതീയ ജനതയുടെ നവോത്ഥാനത്തെ സ്വാഗതം ചെയ്തു കൊണ്ടു് ദേശഭക്തി കാവ്യങ്ങൾ രചിച്ചു."[14]

ഇഖ്ബാലിനു ശേഷം ഉർദുകവികളിൽ അത്യന്തം സ്വാധീനത ചെലുത്തിയ കവി ജോശ്മാലിഹാബാദിയാണു്. ഉർദുസാഹിത്യത്തിൽ ദൃശ്യമായ വിപ്ലവബോധത്തിൻെറ പ്രതീകമാണു് ഈ കവി.[15]

ഒറിയ

19-ാം ശതകത്തിൻെറ അന്ത്യത്തിലും 20-ാം ശതകത്തിൻെറ ആദ്യദശകങ്ങളിലും ഇൻഡ്യൻ ദേശീയതയുടെ വളർച്ചയുടെ ഫലമായി ദേശീയവാദത്തിൻെറ ശബ്ദം ഒറിയ പദ്യസാഹിത്യത്തിൽ മുഴങ്ങിക്കേട്ടു എന്നു് ജതീന്ദ്രമോഹൻ മൊഹന്തി രേഖപ്പെടുത്തുന്നുണ്ടു്.[16]

കവികളും രാഷ്ട്രപരിഷ്കർത്താക്കളുമായ ഒരുസംഘം രാഷ്ട്രീയനേതാക്കളുടെ സൃഷ്ടിയായിരുന്നു, ഇതു്. ഇവരുടെ സംഘടിത സർഗാത്മകയത്നം

'സത്യവാദിപ്രസ്ഥാനം' എന്ന പേരിൽ പ്രസിദ്ധമായ ഒരു സാമൂഹിക-സാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിൽ കലാശിച്ചു.

"സത്യവാദിസംഘത്തിൽപെട്ട കവികൾക്ക് ഒരു പ്രത്യേക രാഷ്ട്രീയ ച്ചായവുണ്ടായിരുന്നു. 20-ാം ശതകത്തിന്റെ മൂന്നാം ദശകത്തിൽ അവർ തങ്ങളുടെ കവിതകളിലൂടെ ഒറിയ പദ്യസാഹിത്യത്തിൽ ദേശീയബോധവും സ്വാതന്ത്ര്യതൃഷ്ണയും കടത്തിവിട്ടു. കാല്പനികോന്മുഖതയുടെ ചില ദുർബലഘടകങ്ങൾ ഉണ്ടെങ്കിലും ഈ കവിതകൾ വിദേശീയഭരണത്തിന്റെ ഫലമായ കഷ്ടതയേയും അപമാനത്തേയും സംബന്ധിച്ച് സമകാലികലോകത്തിൽ ഒരു പ്രബുദ്ധത ഉളവാക്കി."[17]

ഗോപബന്ധുദാസ് ഈ സംഘത്തിലെ പ്രമുഖകവിയായിരുന്നു. 'അവകാശ ചിന്ത' (ഒഴിവുനേര ചിന്തകൾ 1899) 39 കവിതകളുടെ സമാഹാരമാണ്. ദേശീയചിന്തകൾ ഇതിലെ പല കവിതകളിലുമുണ്ട്. 132 കവിതകൾ സമാഹരിച്ച 'കാരാകവിത' (കാരാഗൃഹകവിത 1928), ആറു സർഗ്ഗങ്ങളുള്ള 'ബന്ദിർ ആത്മകഥ' (ബന്ധനസ്ഥന്റെ ആത്മകഥ. 1923) എന്ന നീണ്ട കവിത എന്നിവയിലെല്ലാം ഗോപബന്ധുവിന്റെ ദേശീയവികാരങ്ങൾ ആവിഷ്കൃതമായിരിക്കുന്നു. ബന്ദിർ ആത്മകഥയിൽ നിന്നു ജതീന്ദ്രമോഹൻ മൊഹന്തി ഉദ്ധരിക്കുന്ന വരികൾ ഈ വികാരത്തിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നു:

"എൻജന്മനാട്ടിന്റെ പൊടിയിൽ കലരട്ടെ
എന്റെ ദേഹത്തിൻമേലെൻ നാട്ടുകാർ നടക്കട്ടെ
എന്നുടെയസ്ഥിരക്തമാംസത്താൽ നിറയട്ടേ
സ്വാതന്ത്ര്യപഥത്തിലെ കുണ്ടുകൾ കുഴികളും.

എന്നേക്കുമായ് ഞാനെന്റെ ജീവിതം ത്യജിക്കുംപോൾ
മുന്നേറട്ടെന്റെ നാട്ടാർസ്വാതന്ത്ര്യമാർഗത്തിങ്കൽ"[18]

നവയുഗസാഹിത്യ സംസദ് എന്ന പുരോഗമന സാഹിത്യകാര സംഘടന 1935-ൽ രൂപീകൃതമായി. അനന്തഭട്ടനായിക് ആയിരുന്നു സംഘടനയുടെ നേതാവ്. ഗാന്ധിയൻ ദേശീയതയാൽ പ്രബുദ്ധനായിരുന്നു ഈ കവി. അതേ സമയം മാർക്സിയൻ സാമ്പത്തികചിന്തകളിൽ ആകൃഷ്ടനുമായിരുന്നു.

നവയുഗ സാഹിത്യസംസദിന് ഭാഗികമായ പ്രേരണ നല്കിയത് പാശ്ചാത്യ നാടുകളിലെ ഇടതുപക്ഷലക്ഷ്യബോധത്തോടു കൂടിയ സാഹിത്യമാണ്. ഈ എഴുത്തുകാരിൽ പലരും ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റ് വിഭാഗത്തിൽ ഭാഗഭാക്കുകളായിരുന്നു.[19]

ഒറീസയുടെയും ഇൻഡ്യയുടെയും ഭൂതകാലചരിത്രത്തിൽ നിന്നെടുത്ത സംഭവങ്ങളെയും കഥാപാത്രങ്ങളെയും ഉപയോഗിച്ചു കഥാഗാനങ്ങൾ നിർമ്മിച്ച റൊമാൻറിക് കവിയാണ്, കാളിന്ദിചരൺ പാണിഗ്രാഹി. കുന്തളാകുമാരി എന്ന പ്രശസ്തകവയിത്രിയുടെ കവിതകളും ദേശാഭിമാനഭരിതമാണ്.

ഉപ്പുസത്യാഗ്രഹം, നിസ്സഹകരണം എന്നിവയെല്ലാം വിഷയമാക്കി കവിതകൾ രചിച്ച ലക്ഷ്മീകാന്തമഹാപാത്ര ശ്രദ്ധേയനായ മറ്റൊരു കവിയാണ്. സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ഭാഗഭാഗിത്വം വഹിച്ച മറ്റുരണ്ടുകവികളാണ് ഗോദബരീശ്, സച്ചിദാനന്ദ റൗത്റോയ് എന്നിവർ.

**കന്നഡ**

കന്നഡകവിതയിൽ ഇക്കാലത്തുണ്ടായ പ്രവണതകളെ കെ. ശാന്തിനാഥ ദേശായി ഇങ്ങനെയാണപഗ്രഥിക്കുന്നത്:

"സ്വാതന്ത്ര്യാനന്തരകാലം ഉൾപ്പെടെയുള്ള ഭാരതീയ നവോത്ഥാന കാലത്തെ ആധുനിക കന്നഡ കവിതയെ സംബന്ധിച്ച വിമർശനാത്മകമായ ഒരു നിരീക്ഷണം നടത്തുന്നതിനു് ആകാലത്തു പ്രത്യക്ഷപ്പെട്ട പ്രധാന കാവ്യ പ്രവണതകളേയും മാതൃകകളെയും ഉൾക്കൊള്ളാൻ കഴിയുന്ന പ്രയോഗക്ഷമമായ ഒരു സിദ്ധാന്തത്തിന്റെ ചട്ടക്കൂട് വേണ്ടിവരും. ഈ ചട്ടകൂട് സാമൂഹ്യവും ചരിത്രപരവും അകാതെ പറ്റില്ല. കാരണം പ്രമുഖ സാംസ്കാരിക പ്രവണതകളെയും മാതൃകകളെയും നിയന്ത്രിക്കുന്നതു് പ്രാഥമികമായി സാമൂഹ്യവും ചരിത്രപരവുമായ ശക്തികളാണല്ലോ. പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ ഇൻഡ്യയിൽ ബ്രിട്ടീഷ് കോയ്മയുടെ സ്ഥാപനവും രാജ്യത്തിലെ സാംസ്കാരിക സ്തംഭനാവസ്ഥയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. സാംസ്കാരിക പുനരുജ്ജീവനത്തിലെ വൈരുദ്ധ്യം ഒരേ സമയം രണ്ട് പ്രവണതകൾ ഉളവാക്കി. ഒന്നു്: ഇംഗ്ലീഷ് വിദ്യാഭ്യാസം മുഖേന അരിച്ചിറങ്ങിയ പാശ്ചാത്യ സ്വാധീനത്തിന്റെ വ്യാപനം. രണ്ടു്: ദേശീയമായ തനിമ ഉറപ്പുവരുത്താൻ വേണ്ടി ദേശാഭിമാനപ്രചോദിതമായി ഭൂതകാലത്തെ വീണ്ടും കണ്ടെത്താൻ നടന്ന പരിശ്രമം.

"രാഷ്ട്രീയവും സാമൂഹ്യവുമായ ആദർശവാദവും, ശുഭാപ്തി വിശ്വാസമുള്ള സാംസ്കാരിക പുനരുജ്ജീവനവും ഒത്തുചേർന്നു് തികച്ചും കാല്പനികമായ കാലമായിരുന്നു, ഗാന്ധിയുഗം. നാല്പതുകളുടെ ആരംഭത്തിൽ

സ്വാതന്ത്ര്യം ദൃഷ്ടിപഥത്തിലായപ്പോൾ സോഷ്യലിസം, കമ്മ്യൂണിസം തുടങ്ങിയ യൂറോപ്യൻ പ്രസ്ഥാനങ്ങൾ ഇന്ത്യയിലെ ബുദ്ധിജീവികളെ സ്വാധീനിക്കാൻ തുടങ്ങി."[20]

"1920 മുതല്ക്കാണ് ആധുനാതന കന്നഡ സാഹിത്യം അതിന്റെ സുവർണ്ണദശയിലേക്കു പ്രവേശിച്ചതു്. പാടുന്ന പൈങ്കിളികൾ പൊടുന്നനെ ഉണർന്നു; അവയുടെ നീഡങ്ങളിൽ നിന്നു പൊന്തിപ്രസരിച്ച കളകൂജിതങ്ങൾ കൊണ്ട് കന്നടനാട് അസകലം മുഖരിതമായി" എന്നിങ്ങനെ വി.കെ. ഗോകക് അനുസ്മരിക്കുന്നു.[21]

ദേശീയപ്രസ്ഥാനത്തോടൊപ്പം ഉണ്ടായ ഉണർവ്വ് കർണ്ണാടകഭാഷയിലും സാഹിത്യത്തിലും പല സത്ഫലങ്ങളും സൃഷ്ടിച്ചു എന്നാണ് ഗോകക് അഭിപ്രായപ്പെടുന്നതു്. "ബി.എം.ശ്രീകണ്ഠയ്യ, മാസ്തി, ഡി.വി. ഗുണ്ഡപ്പ എന്നിവരുടെ നേതൃത്വത്തിലുള്ള 'തളിരുഗ്രൂപ്പ്', പഞ്ജെ, ഗോവിന്ദ പൈ എന്നിവർ മാർഗദർശകരായുള്ള മംഗളൂരിലെ മിത്രമണ്ഡലി, ധാർവാർ ഡിസ്ട്രിക്ടിൽ ബേന്ദ്രെ തലയ്ക്കൽ നിന്നു നയിച്ച ഗെളയറഗുംപു ഇവയും മറ്റു സംഘടനകളും നാട്ടിലെങ്ങും സജീവ പ്രവർത്തനം നടത്തി. വിശിഷ്ട സൗകുമാര്യം തിരളുന്ന കവിതകൾ പിറന്നു. കെ.വി.പുട്ടപ്പ, വി.സീതാരാമയ്യ, പി.ടി.എൻ. രാജരത്നം കടങ്ങോഡ്ലു, മധുരചെന്ന, മുഗളി തുടങ്ങിയ പ്രതിഭാശാലികളായ ഇളംകുറുകവികൾ ഈ ഗ്രൂപ്പുകളിൽ നിന്നാവിർഭവിച്ചു. ബെടിഗേരിയും സാലിയും ആകർഷകങ്ങളായ കവിതകൾ രചിച്ചു. തങ്ങൾ ജീവിച്ച മണ്ണിന്റെയും പ്രബുദ്ധമായ ദേശീയബോധം കൊണ്ടു് ആകംപിക്കുന്ന യുഗത്തിന്റെയും പരിമളം തിരണ്ടവയായിരുന്നു അവരുടെ കവിതകൾ."[22]

സാഹിത്യചരിത്രകാരനായ രം.ശ്രീ.മുഗളി ഈ കാലഘട്ടത്തിലുണ്ടായ നവോത്സാഹത്തെ ഇപ്രകാരം വിശദീകരിക്കുന്നു. "1921-ാമത്തെ കൊല്ലം ഭാരതത്തിന്റെയും കർണ്ണാടകത്തിന്റെയും ചരിത്രത്തിൽ മഹത്വപൂർണ്ണമായ ഒരു കൊല്ലമാണ്. ആ വർഷത്തിലാണ് മഹാത്മാഗാന്ധി ബ്രിട്ടീഷ് അധികാരത്തിനെതിരേ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചത്; സ്വാതന്ത്ര്യത്തിനു വേണ്ടി സർവ്വസ്വത്യാഗം എന്ന സന്ദേശം ഉദ്ഘോഷിച്ചത്. നാട്ടിലൊട്ടാകെ മുൻപൊരിക്കലും ഉണ്ടാകാത്ത ഉണർവ്വ് ഉണ്ടായി. സ്വദേശാഭിമാനം, സ്വഭാഷാഭിമാനം എന്നിവയോടൊപ്പം സ്വാതന്ത്ര്യപ്രേമവും സ്വാർത്ഥത്യാഗവും അക്കാലത്തെ യുവാക്കളെ ആവേശം കൊള്ളിച്ചു. സ്വാതന്ത്ര്യഗീതങ്ങൾ, സ്വതന്ത്രപ്രതിഭയുടെ വെളിച്ചത്തിൽ രചിക്കപ്പെട്ടു. പുതിയ പ്രചോദനം, വിഷയം, ശൈലി, ഛന്ദസ്സ് എന്നിവയ്ക്കുവേണ്ടിയുള്ള ഉൽക്കടമായ ആഗ്രഹം വർദ്ധിച്ചു വന്നു."[23]

## ഗുജറാത്തി

ഗുജറാത്തി സാഹിത്യത്തിൽ 'ഗാന്ധിയുഗം' എന്ന പേരിൽത്തന്നെ ഒരു കാലഘട്ടം അനുസ്മരിക്കപ്പെടുന്നു. അതിനു മുൻപുള്ളത് 'പണ്ഡിതയുഗം' എന്നറിയപ്പെടുന്ന കാലമാണ്. 1887 നും 1920 നും മദ്ധ്യേയുള്ള ഈ കാലഘട്ടത്തെ സംസ്കൃതത്തിന്റെ പുനരുജ്ജീവനകാലം എന്ന് കെ.എം.മുൻഷി വിശേഷിപ്പിക്കുന്നു.[24] ഈ കാലഘട്ടത്തിലെ സാഹിത്യകാരൻമാർ ഗാംഭീര്യവും അന്തസ്സുമുള്ള വിവിധ വിഷയങ്ങളെപ്പറ്റി ഗ്രന്ഥങ്ങൾ രചിച്ചു. കലാഭംഗിയിലും ശൈലിയിലും വൃത്തത്തിലും രൂപഭദ്രതയിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. എന്നാൽ ഗാന്ധിജിയുടെ വ്യക്തിപ്രഭാവം സാഹിത്യലോകത്തും സാരമായ

മാറ്റം വരുത്തിത്തീർത്തു എന്നു് സാഹിത്യചരിത്രകാരൻമാർ വ്യക്തമാക്കുന്നു. ഡി.ഡി. ജഡേജ ഇങ്ങനെ ആ കാലഘട്ടത്തെ വിലയിരുത്തിയിരിക്കുന്നു:

"സാധാരണ ജനങ്ങളുമായി മഹാത്മാഗാന്ധി പുലർത്തിയിരുന്ന താദാത്മ്യം വളരെ മഹത്തരമായിരുന്നു. സാധാരണക്കാരന് മനസ്സിലാകത്തക്ക വണ്ണമായിരിക്കണം സാഹിത്യം എന്നദ്ദേഹം ആഗ്രഹിച്ചു. സാധാരണക്കാർക്കു് അവിജ്ഞേയമായ പണ്ഡിതയുഗത്തിലെ സാഹിത്യം റിയലിസ്റ്റ് വിശ്വാസപ്രമാണങ്ങളുമായി പൊരുത്തപ്പെട്ടിരുന്നില്ല. അതുകൊണ്ട് അതു ശാലീനമായ ശൈലിക്കു വഴിമാറിക്കൊടുത്തു. അതേ സമയം ജീവിതത്തോടുള്ള അടിസ്ഥാനപരമായ മനോഭാവത്തിൽ മാറ്റം വരുത്തുവാൻ പര്യാപ്തമായ സ്വാതന്ത്ര്യം, അഹിംസ, അധഃകൃതോത്ഥമനം, സത്യാഗ്രഹം തുടങ്ങിയ പുതിയ സങ്കല്പങ്ങൾ ഉടലെടുക്കുകയും ചെയ്തു. ഇങ്ങനെ എഴുത്തുകാർക്കു് വ്യവസ്ഥാപിതമായ പാരംപര്യപ്രമേയങ്ങൾ ഉപേക്ഷിക്കേണ്ടി വന്നു.

'20-ാം ശതകത്തിന്റെ മൂന്നാം ദശകം ഗാന്ധിയുഗത്തിന്റെ പ്രാരംഭത്തെ കുറിക്കുന്നു. ഗാന്ധിയുടെ തത്വശാസ്ത്രത്തിന്റെ ദൂരവ്യാപകങ്ങളായ ഫലങ്ങൾ എഴുത്തുകാരുടെ ഹൃദയങ്ങളിൽ ഒരു പുതിയ ആവേശം ഉണർത്തിവിട്ടു. ബലവത്തരായി ടാക്കോറിനെപ്പോലുള്ള അതികായൻമാർ സംരക്ഷണം നല്കിയ കവികളെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകിച്ചും ശരിയായിരുന്നു. ദരിദ്രരോടുള്ള സ്നേഹം, ഗ്രാമോദ്ധാരണം, ഗ്രാമവ്യവസായ മനോഭാവം, അഹിംസ, സത്യനിഷ്ഠ, സാർവലൗകിക പൗരത്വം മുതലായ സങ്കല്പങ്ങൾ ഉൾക്കൊണ്ടു് ഗാന്ധിജിയുടെ സ്വാധീനത്തിൽ സാഹിത്യാന്തരീക്ഷം വിസ്തൃതമായി. അതേ സമയം ടാഗോറിന്റെ മാനവികതയും

തുല്യശക്തമായ പ്രഭാവം പ്രസരിപ്പിച്ചു. ഈ കാലഘട്ടത്തിൽ സാഹിത്യം ഒരുവശത്തു് ഗാന്ധിയുടെ തത്വങ്ങളാലും മറുവശത്ത് ടാഗോറിന്റെ സൗന്ദര്യാരാധനയാലും പ്രഭാവിതമായി.

'ഗാന്ധിയുഗത്തിലെ സാഹിത്യം കൂടുതൽ റിയലിസ്റ്റ് സമീപനം കൈക്കൊണ്ടു. ചുണ്ട് എത്ര പാടലാഭമായിരുന്നാലും ആഹാരം കൊടുക്കാതെ പറ്റില്ല എന്ന യാഥാർത്ഥ്യസാക്ഷാത്കാരം പ്രേമകവിതകളിലും ഭാവഗാനങ്ങളിലും പോലും കാണുന്നു. ജവേർചന്ദ് മേഘാനി(1897-1947) തുടങ്ങിയ കവികൾ ഒരു പുതിയ വിപ്ളവത്തിന്റെ സ്വരം ഉച്ചത്തിൽ മുഴക്കി; അതോടൊപ്പം ലോകസമാധാനത്തിനുള്ള ആഹ്വാനവും. ദേശാഭിമാനപരമായ കവിത യുദ്ധകാഹളവുമായി ഇടകലർന്നിരുന്നു. അധഃകൃതരുടെ ഉന്നമനാർത്ഥം എഴുതപ്പെട്ടിട്ടുള്ള കവിതകളിൽ ഗാന്ധിജിയുടെ ശാന്തമായ സമീപനം ചിലപ്പോൾ സാമൂഹ്യമായ പ്രത്യക്ഷസമരത്തിനുള്ള ആഹ്വാനമായി മാറി. എന്നാൽ മൊത്തത്തിൽ ഗാന്ധിയുടെ തത്വങ്ങളായ വിശ്വപ്രേമവും അഹിംസയും ടാഗോറിന്റെ മാനവികതയോടൊപ്പം അത്തരം കവിതകളെ മൃദുസ്നിഗ്ദ്ധമാക്കുന്നതിൽ വിജയിച്ചു."[25]

മറ്റൊരു സാഹിത്യചരിത്രകാരനായ സുരേഷ്ദലാൽ ഗാന്ധിയുഗത്തിന്റെ സവിശേഷതകൾ ഇങ്ങനെ സംഗ്രഹിക്കുന്നു:

"1915 മുതൽ 1947 വരെയുള്ള കാലഘട്ടത്തിനു് ഗാന്ധിയുഗമെന്ന പേർ ലഭിക്കാൻ കാരണമായിത്തീർന്ന ഘടകങ്ങൾ ഇവയാണു്; വായനക്കാരന്റെ ഹൃദയത്തിലേക്കു് ചുഴ്ന്നിറങ്ങുന്ന രചനാശൈലി സ്വീകരിക്കാൻ ഗാന്ധിജി നിർദ്ദേശിച്ചതു്, ഗ്രാമങ്ങളോട് അദ്ദേഹത്തിനുണ്ടായിരുന്ന അത്യധിക മമത; അക്കാലത്തെ നിരവധികവികളെയും സാഹിത്യകാരൻമാരെയും പ്രത്യക്ഷത്തിൽ പങ്കെടുപ്പിച്ചുകൊണ്ടു് അദ്ദേഹം സംഘടിപ്പിച്ച ഇൻഡ്യൻ സ്വാതന്ത്ര്യ

സമരം; അധഃസ്ഥിതരെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ഉത്കണ്ഠ, സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം മുഴക്കിയ കാഹളം. അദ്ദേഹത്തിന്റെ അരങ്ങേറ്റത്തോടെ സാഹിത്യത്തിനു കൈകാര്യം ചെയ്യാൻ എണ്ണമറ്റ പുതുവിഷയങ്ങൾ ലഭ്യമായി. പണ്ഡിതയുഗത്തിൽ പ്രചാരത്തിലിരുന്ന സംസ്കൃത ചുവയുള്ള അലങ്കാരികശൈലിയിൽ നിന്നു തികച്ചും ഭിന്നമായ ഒരു നൂതന രചനാശൈലി രൂപം കൊള്ളുകയും ചെയ്തു."[26]

ഗാന്ധിയുഗത്തിലെ ഏറ്റവും പ്രമുഖരായ രണ്ടു കവികൾ ത്രിഭുവൻ ദാസ് ലുഹറും (തൂലികാനാമം സുന്ദരം) ഉമാശങ്കർ ജോഷിയും ആണ്. മൻ സുഖ്ലാൽ ഝവേരി, സുന്ദർജി, ബേതായ്, കർസൻദാസ് മനേക്, സിനാഭായി ദേശായി, പൂജാലാൽ എന്നിവർ ശ്രദ്ധേയരായ മറ്റു കവികളും.

"ഗാന്ധിയുഗത്തിലെ കവിതയുടെ കേന്ദ്രബിന്ദുവായി വർത്തിച്ചത് ഗാന്ധിജിയുടെ സമുന്നത വ്യക്തിത്വമായിരുന്നു. ദേശീയത, സാമൂഹ്യബോധം, യാഥാർത്ഥ്യബോധം, ആദർശപരത എന്നീ ഗുണവിശേഷങ്ങളാൽ ഊർജ്ജസ്വലമാക്കപ്പെട്ടതായിരുന്നു, അക്കാലത്തെ കവിത."[27]

"ഗുജറാത്തി കവി സ്വാതന്ത്ര്യത്തിനുവേണ്ടി സ്വയം സമർപ്പിച്ചു എന്നു തന്നെ പറയണം. സ്വാതന്ത്ര്യമായിരുന്നു അയാളുടെ കവിതയുടെ ജീവസ്വരം. അയാളുടെ ഗാനങ്ങളിലും ഭാവഗീതങ്ങളിലും വീരഗാഥകളിലും ആഖ്യാനാത്മകമോ ചിന്താത്മകമോ ആയ നീണ്ട കവിതകളിലും എല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രസ്തുത ചേതന സംക്രമിച്ചിരുന്നു. ചരിത്രം, ഇതിഹാസം എന്നിവയിൽ നിന്നുപോലും അയാൾ പ്രതിപാദ്യമായി

സ്വീകരിച്ചിരുന്നത് സ്വന്തം ആകാംക്ഷകളെയും ഉത്കർഷാഭിലാഷങ്ങളെയും പ്രതിഫലിപ്പിക്കുന്ന സംഭവങ്ങളും ഇതിവൃത്തങ്ങളും മാത്രമാണ്. അയാളെ സംബന്ധിച്ചിടത്തോളം ലക്ഷ്യം സ്പഷ്ടമായിരുന്നു; സർവ്വമാനുഷികശക്തികളെയും ആ ഏകദിശയിലേക്ക് അവശ്യം തിരിച്ചു വിടേണ്ടിയുമിരുന്നു."[28] എന്നിങ്ങനെ മനസുഖലാല് ത്ധവേരി അനുസ്മരിക്കുന്നു.

## തമിഴ്

"ആധുനിക തമിഴ് സാഹിത്യത്തിലെ ഏറ്റവും മെച്ചപ്പെട്ട കൃതികൾ ദേശീയഗാനങ്ങളാണ്"[29] എന്ന് അഭിപ്രായപ്പെടത്തക്കവണ്ണം തമിഴ് സാഹിത്യത്തിൽ ദേശീയഗാനങ്ങളുടെ ഉൽകൃഷ്ടമായ ഒരു സമ്പത്ത് ഉണ്ടായിട്ടുണ്ട്.

"മഹാത്മജിയും സത്യഗ്രഹപ്രസ്ഥാനവും തമിഴ്നാടിന്റെ ഹൃദയത്തെത്തന്നെ സ്പർശിച്ചു. ഗാന്ധിയുഗമെന്നു പറയാവുന്ന ആ കാലഘട്ടത്തിലെ തമിഴ്ഗാനങ്ങളുടെ നിർമ്മിതിക്ക് ഉത്തേജനം നല്കുകയും ചെയ്തു.

'ഈ ദേശീയതയുടെ കവിയായിരുന്നു, ഭാരതിയാർ. നിസർഗസിദ്ധമായ മതപരയൗഗികാത്മതയോടെ മഹത്തായ വിശ്വശക്തിയുടെ, അഥവാ കേവലാത്മശക്തിയുടെ, ആത്മാർത്ഥമായ സമാരാധനം എന്ന നിലയിൽ സ്വദേശഭക്തിയെപ്പറ്റി അദ്ദേഹം ഉദ്ഗാനം ചെയ്യുന്നു.' എന്നിങ്ങനെ ടി.പി.മീനാക്ഷിസുന്ദരം തമിഴിലെ ദേശീയതയുടെ മുഖ്യകവിയായ സുബ്രഹ്മണ്യഭാരതിയെ അനുസ്മരിക്കുന്നു.[30]

കോൺഗ്രസ്സിൻെറ ബനാറസ് സമ്മേളനത്തിൽ (1905) സുബ്രഹ്മണ്യ ഭാരതി സംബന്ധിച്ചിരുന്നു. ഗോഖലെയായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. കല്കത്തയിൽ ചേർന്ന അടുത്ത സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു. ദാദാഭായ് നവറോജിയായിരുന്നു ഈ സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ. ഈ സമ്മേളനത്തിൽ വച്ച് സിസ്റ്റർ നിവേദിതയെ പരിചയപ്പെടുവാനിടയായ ഭാരതി അവരെ 'ശക്തിമാതാവായി' കരുതി, അവരുടെ ആരാധകനായി മാറി. കോൺഗ്രസ്സിലെ തീവ്രവാദിവിഭാഗത്തിൽപെട്ട ഭാരതി സൂറത്ത് സമ്മേളനത്തിലും പങ്കെടുത്തു. ശ്രീ അരവിന്ദനുമായും ബാലഗംഗാധര തിലകനുമായും സംപർക്കം പുലർത്തുകയും ചെയ്തു.

"1905 മുതൽ 1920 വരെയുളള കാലഘട്ടത്തെ തമിഴ്നാട്ടിലെ ഭാരതിയുഗമായി പരിഗണിക്കാവുന്നതാണ്" എന്ന് എസ്.വി. സുബ്രഹ്മണ്യം പ്രസ്താവിക്കുന്നു.[32] ഭാരതിയാരുടെ കവിതകളിൽ നല്ലൊരു പങ്ക് ദേശാഭിമാനപ്രചോദിതവും ദേശാഭിമാനോത്തേജകവുമാണ്. വന്ദേമാതരം (1908) ചുതന്തിരദാഹം (1908) ചുതന്തിരപള്ളു (1908) എന്നീ കൃതികൾ ഈ വിഭാഗത്തിൽപെടുന്നു. പുരാണകഥോപജീവിയായ പാഞ്ചാലിശപഥം (1912) എന്ന കൃതിയിൽ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തോടൊപ്പം സ്ത്രീ സമുദായത്തിൻെറ വിമോചനവും ചിത്രീകരിച്ചിട്ടുണ്ട്. ദേശീയോദ്ഗ്രഥനവും പല കവിതകളുടെയും പ്രമേയമാണ്. എന്നാൽ മാതൃഭാഷയായ തമിഴിൻെറ മഹത്വം സ്ഥാപിക്കുക എന്നതും അദ്ദേഹത്തിൻെറ ലക്ഷ്യമായിരുന്നു.

ഭാരതിയെ പിന്തുടർന്ന് നാമക്കൽ രാമലിംഗംപിളള (1888-1971) അനേകം ദേശസ്നേഹപരങ്ങളായ കവിതകൾ രചിച്ചു. പല കവിതകളും

ഗാന്ധിജിയുടെ സ്വാധീനം പ്രകീർത്തിക്കുന്നവയാണ്. ദേശഭക്തി പ്രധാനമായ പല കവിതകൾ ശുദ്ധാനന്ദഭാരതി (1895) രചിച്ചിട്ടുണ്ട്. 'ഭാരതശക്തി' മഹാകാവ്യം ഈ വിഭാഗത്തിൽ പെടുന്ന ദീർഘപദ്യകൃതിയാണ്. ഭാരതിയുടെ ശിഷ്യനായി രംഗത്തുവന്ന ഭാരതിദാസൻ ദ്രാവിഡസംസ്കാരത്തിന്റെ വക്താവായിമാറുകയാണുണ്ടായത്.

## തെലുഗു

"1905-ലെ ദേശീയപ്രസ്ഥാനത്തിന്റെയും ബങ്കിംചന്ദ്രനും രവീന്ദ്രനാഥനും പ്രതിനിധാനം ചെയ്ത വംഗസാഹിത്യത്തിന്റെയും സ്വാധീനത, ദക്ഷിണേന്ത്യയിലെ ഇതരഭാഷകൾ വ്യവഹരിക്കുന്ന ജനവിഭാഗങ്ങളെ അപേക്ഷിച്ച്, തെലുങ്കരിൽ ഏറെക്കുറെ നേരത്തെ തന്നെ പ്രത്യക്ഷപ്പെട്ടു" എന്ന് കെ.രാമകോടീശ്വരറാവു പ്രസ്താവിക്കുന്നു.[33]

'സ്വാതന്ത്ര്യസമരത്തിൽ ആന്ധ്രാക്കാർ സക്രിയമായ ഭാഗം വഹിച്ചിട്ടുണ്ട്' എന്നാണ് സി.എൻ. ശാസ്ത്രി രേഖപ്പെടുത്തുന്നത്.[34] "കവികളുടെ കൂട്ടത്തിൽ ഗരിമെല്ല സത്യനാരായണ 'മാക്കൊദ്ദുതെല്ലദൊരതനമു' (വെള്ളക്കാരന്റെ ഭരണം നാം സഹിക്കയില്ലാ എന്ന ആവേശകരമായ ഗാനം നിർമ്മിച്ചു. ഈ ഗാനം സ്വാതന്ത്ര്യസേനയിലെ പടയാളികൾ തലമുറയായി ജപിച്ചുവരുന്നു. ബസവരാജ അപ്പാറാവുവും (1894-1933) അബ്ബൂരി രാജുവും (1895-1952) ഗാന്ധിജിയുടെ ജീവിതത്തേയും കർമ്മപദ്ധതിയേയും പ്രശംസിച്ചു കൊണ്ട് മഹത്തായ ഭാവഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഉപ്പു സത്യാഗ്രഹത്തിനു വേണ്ടിയുള്ള ഗാന്ധിജിയുടെ ദണ്ഡി

യാത്രയ്ക്കു നാട്ടിലുണ്ടായ പ്രതികരണം ബസവരാജു ജനസമ്മതി നേടിയ 'ഗാന്ധിമഹാത്മുനിചരണധ്വനി' എന്ന ഭാവഗാനത്തിൽ അവതരിപ്പിക്കുന്നു. ഗാന്ധി ദണ്ഡിയിലേക്കു മ[illegible] ചെയ്തപ്പോൾ ഭൂമണ്ഡലമാകെ വിറകൊണ്ടു എന്നാണ് ആ ഗാനത്തിന്റെ സാരം. ഇന്ത്യ ഏകീകൃതവും സ്വതന്ത്രവുമായ ഒരു രാജ്യമാണെന്നുള്ള വിശാലവീക്ഷണത്തിന് ഊനം തട്ടാതെ ആന്ധ്ര പ്രദേശത്തിന്റെ സംസ്കാരത്തോടും ചരിത്രത്തോടും കൂറുപുലർത്തുന്നവയാണ് റായപ്രോലു സുബ്ബറാവുവിന്റെ കവിതകളും ഗാനങ്ങളും. ഭാഷാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ് പുനർവിഭജനത്തിനു വേണ്ടിയുള്ള പ്രക്ഷോഭം ഭാരതസ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായതു മൂലം വിശ്വനാഥ സത്യനാരായണയുടെ (1895-1976) 'ആന്ധ്രപ്രശസ്തി' അതേ തരത്തിൽപ്പെട്ട ഒരു കൃതിയാണ്. ഉപ്പുസത്യാഗ്രഹത്തിന്റെ കാലത്ത് കവിരാജു ത്രിപുരനേനി ആവേശകരമായ ഗാനങ്ങൾ രചിച്ചു. ഗാന്ധിജിയുടെ ആത്മകഥയ്ക്ക് വേലൂരി ശിവരാമശാസ്ത്രി രചിച്ച വിവർത്തനവും തുമ്മല സീതാരാമമൂർത്തി രചിച്ച പദ്യവിവർത്തനവും ആത്മീയസത്യാന്വേഷകനും രാഷ്ട്രീയനേതാവുമെന്ന നിലയിൽ ഗാന്ധിജിയോടുള്ള ഭക്ത്യാദരവുകൾ ഊട്ടിയുറപ്പിച്ചു. . . . . ദുർഗംജോഷ്വയുടെ 'ബാപ്പുജി'യും 'നേതാജി'യും കരുണശ്രീയുടെ 'വിജയശ്രീ'യും ഈ ശതകത്തിന്റെ ആദ്യാർദ്ധത്തിൽ അനേകം അനുഗൃഹീത കവികളെ വികാരതരളിതരാക്കിയ ദേശാഭിമാനത്താൽ പ്രചോദിപ്പിക്കപ്പെട്ടവയാണ്."[35]

പഞ്ചാബി

ദേശീയബോധം ജനങ്ങളിൽ വളരുകയും സ്വാതന്ത്ര്യബോധവും ജനാധിപത്യചിന്തകളും ശക്തിപ്പെടുകയും ചെയ്ത കാലഘട്ടത്തിൽ പഞ്ചാബിലെ കവികളിൽ പലരും ഇത്തരം ചിന്തകൾക്ക് ആവിഷ്കാരം നല്കി. പൂരൻസിംഗും ധനിറാംചത്രിക്കും ഗുർമുഖ്സിങ്ങും ഹീരാസിങ്ങ് ദർദും ഈ കാലത്തു് കവിതയെ ഈ ദൃശ ചിന്തകളുടെ ആവിഷ്കാരത്തിനുപയോഗിച്ചു.

'ജാലിയൻവാലാബാഗ് കൂട്ടക്കൊലക്കു ശേഷം പഞ്ചാബി കവിത ദേശാഭിമാനം കൊണ്ടു തിളച്ചു മറിയുകയായിരുന്നു' എന്നു് സതീന്ദർ സിങ്ങ് രേഖപ്പെടുത്തുന്നു." [36]

'കൊമ ഗു മരു എന്ന കപ്പലുമായി ബന്ധപ്പെട്ടതും പല പഞ്ചാബികളും മൃഗീയമായി കൊല്ലപ്പെട്ടതുമായ ദുരന്തസംഭവം രാജ്യത്തെ മുഴുവൻ ഇളക്കിമറിച്ചു എന്നും ഈ സംഭവത്തെ അധികരിച്ചു് അനേകം കവിതകൾ ഉണ്ടായി എന്നും അദ്ദേഹം അനുസ്മരിക്കുന്നു. ജാലിയൻ വാലാബാഗ് സംഭവവും മറ്റും പഞ്ചാബി കവിതയിൽ ദേശാഭിമാനത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചു എന്നു പറയാം.

ഹരീന്ദർ സജ്രൂപ്, വിധാതാ സിങ്തീർ, അവതാർ സിങ് ആസാദ്, ഫിരോസ്ദീൻ ഷറഫ്, ധനിറാം ചത്രിക് എന്നിവർ ഈ രംഗത്തു് സ്മരണീയമായ സംഭാവനകൾ നല്കി. ഭായ്‌വീർസിങ്, മോഹൻ സിങ്, അമൃതാപ്രീതം ഹർഭജൻ സിങ് എന്നിങ്ങനെയുള്ള പ്രമുഖ കവികളും പല ദേശഭക്തികവിതകൾ രചിക്കുകയുണ്ടായി.

ബംഗാളി

റാം മോഹൻറായിയുടെ [illegible]ളും യത്നങ്ങളും പത്തൊൻപതാം നൂറ്റാണ്ടിൽ ബംഗാളി സമൂഹത്തിലും സാഹിത്യത്തിലും നവോത്ഥാനത്തിനു വഴിയൊരുക്കി.

ഈ നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിൽ വളർന്നുവന്ന രവീന്ദ്രനാഥടാഗോർ ദേശീയതയുടെ കവിയായി ഉയർന്നു.

"1905-ൽ കഴ്സൺപ്രഭുവിന്റെ ബംഗാൾ വിഭജനം നടന്നു. ബംഗാളം അതിനെ വിസ്മയനീയമാംവണ്ണം ചെറുത്തു. ഈ അതിശക്തമായ എതിർപ്പിന്റെ ആദ്ധ്യാത്മികപ്രഭാവം അതിന്റെ സർവ്വമഹിമാതിരേകത്തോടുംകൂടി രവീന്ദ്രനാഥനിൽ പ്രതിബിംബിച്ചു. അദ്ദേഹത്തിന്റെ ഗാനങ്ങളും പ്രഭാഷണങ്ങളും ബംഗാളത്തെ ജനങ്ങളിൽ അഭൂതപൂർവ്വമായ ഒരു ആവേശം ഉളവാക്കി. ദേശീയജീവിതത്തിന്റെ എല്ലാ മുഖങ്ങളിലും സ്വാശ്രയജീവിതത്തിന്റെ അപരിത്യാജ്യത അദ്ദേഹം ഉദ്ബോധിപ്പിച്ചു."[37] എന്നിങ്ങനെ ടാഗോറിന്റെ കവിത വിലയിരുത്തപ്പെടുന്നു.

റാം മോഹൻറോയ് സമാരംഭിച്ച നവീകരണപ്രസ്ഥാനത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ടെങ്കിലും ദേശീയതയിൽ നിന്ന് അന്തർദേശീയതയിലേക്കു വളരുകയായിരുന്നു ടാഗോർ, എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്.[38] ടാഗോർ തൻമൂലം ചിലപ്പോൾ തെറ്റിദ്ധരിക്കപ്പെട്ടുവെങ്കിലും യഥാർത്ഥമായ അന്തർദേശീയത തനി ദേശീയാഭിലാഷങ്ങൾക്കു വിരുദ്ധമല്ല എന്നദ്ദേഹം വിശ്വസിച്ചു. ടാഗോറിന്റെ നിലപാട് ദേശീയതയിൽ അടിയുറച്ച അന്തർദ്ദേശീയതയായിരുന്നു.

വംശസാഹിത്യത്തിൽ ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനമുൾക്കൊണ്ട മറ്റൊരു പ്രമുഖ കവി സത്യേന്ദ്രനാഥ് ദത്ത (1882-1922)യാണ്. സമകാലിക സാമൂഹിക പ്രശ്നങ്ങളോടും രാഷ്ട്രീയസംഭവ വികാസങ്ങളോടും സഫലമായി പ്രതികരിച്ചുകൊണ്ടിരുന്ന കവിയാണ്, അദ്ദേഹം. സ്വദേശി പ്രസ്ഥാനത്തിന്റെ ആരംഭത്തോടുകൂടിയാണ് അദ്ദേഹത്തിന്റെ കവിത്വവും പ്രഫുല്ലമായിത്തീരുന്നതെന്നു പറയാം. നിസ്സഹകരണപ്രസ്ഥാനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ദത്ത രചിച്ച കവിത ഭാരതീയ സാഹിത്യത്തിൽ തന്നെ ആ നിലയിലുള്ള ആദ്യ കവിതയാണെന്ന് ഡോ: സുകുമാർ സെൻ അഭിപ്രായപ്പെടുന്നു.[39] ചർക്കാഗാനം എന്ന കവിതയിൽ ദത്ത ബ്രിട്ടീഷ്ഭരണത്തെയും അവർ തുടങ്ങിവച്ച വ്യവസായവൽക്കരണത്തെയും ശക്തിയായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. നിസ്സഹകരണപ്രസ്ഥാനത്തിന്റെ പാരമ്യത്തിൽ ദത്ത അന്തരിച്ചു.

ഹേംചന്ദ്രബന്ദോപാധ്യായയുടെ കവിതകളിൽ ദേശാഭിമാനത്തിന്റെ ശബ്ദം മുഴങ്ങിയിരുന്നതായി അലോക്റോയി അഭിപ്രായപ്പെടുന്നു.[40] ഭാരത് സംഗീത്, ഭാരത്‌വിലാപ്, ഭാരത്ഭിക്ഷ എന്നീ കവിതകൾ എല്ലാ ബംഗാളികളുടെയും ചുണ്ടുകളിൽ നൃത്തം ചെയ്തിരുന്നു.

സ്വാതന്ത്ര്യസമരത്തിൽ വലിയൊരു ശക്തിയായിത്തീർന്ന ബംഗാളികവിയാണ് നസ്രുൾ ഇസ്ലാം. യുദ്ധാനന്തരകാലത്തെ അസംതൃപ്തിയുടെയും നിസ്സഹകരണപ്രസ്ഥാനത്തിന്റെയും സൃഷ്ടിയാണ് കാസി നസ്രുൾ ഇസ്ലാമിന്റെ (1899-1976) കവിതകൾ എന്ന് ഡോ. സുകുമാർ സെൻ അനുസ്മരിക്കുന്നു.[41]

അലി സഹോദരൻമാർ കഠിനതടവിനു ശിക്ഷിക്കപ്പെട്ട സംഭവം മുതൽ കവിതകളിലൂടെ ജനരോഷം പങ്കുവയ്ക്കുവാൻ കാസി നസ്രുൽ ഇസ്ലാം ശ്രമിച്ചിരുന്നു.

ദേശബന്ധു സി.ആർ.ദാസ് പ്രസിദ്ധീകരിച്ചു വന്ന 'ബംഗ്ളാർ കൊഥാ' എന്ന വാരികയിൽ 'ഭംഗാർ ഗാൻ' (വിനാശത്തിന്റെ ഗാനം) എന്ന കവിത പ്രസിദ്ധീകരണത്തിനു നല്കിയ നസ്രുൽ ഇസ്ലാം ദേശബന്ധുവിന്റെ ഒരു ആരാധകനുമായിരുന്നു. ഭംഗാർ ഗാൻ വളരെയധികം ജനപ്രീതി നേടിയ ഒരു ഗാനമാണു്. 'ദേശീയസമരകാലം മുഴുവൻ (1947വരെ) ജനങ്ങൾ ഒരായിരം വേദികളിൽ നിന്ന് ആ പാട്ട് ഏറ്റുപാടി' എന്നു് ജീവചരിത്രകാരൻ അനുസ്മരിക്കുന്നു.[42]

'ദേശീയപ്രസ്ഥാനത്തിന്റെ ആദ്യത്തെ മഹത്തായ ഗാനമായിരുന്നു അതു്' എന്നദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. അതിനു മുൻപുണ്ടായ ദേശീയ ഗാനങ്ങളേക്കാൾ മെച്ചപ്പെട്ടതായിരുന്നു അതു് എന്നാണു പറയപ്പെടുന്നതു്. "സമരാഹ്വാനമെന്ന നിലയിൽ അതിന്റെ പദാവലിയും സംഗീതവും വശ്യതയും തീർത്തും ഫലപ്രദമായിരുന്നു."[43] "നസ്റുൽ അക്കാലത്തെ മിക്ക ബംഗാളികളെയും പോലെ തന്നെ, മഹാത്മാവിനെ യാഥാസ്ഥിതികമായി പിൻചെല്ലാൻ വിസമ്മതിച്ചു. എന്നാൽ അവരെപ്പോലെ തന്നെ അദ്ദേഹവും അഹിംസ, സത്യാഗ്രഹം തുടങ്ങിയ ഉദാത്തമായ ആദർശങ്ങളെ സമാദരിച്ചു. അവ പ്രായോഗികാശയങ്ങളാണെന്നു കരുതുകയും ചെയ്തു. 1921-ൽ കോമില്ലയിൽ വച്ച് അദ്ദേഹം ഗാന്ധിജിയെക്കുറിച്ചെഴുതിയ കവിതകൾ സ്വാതന്ത്ര്യസമരത്തിലേയ്ക്കുള്ള ഗാന്ധിജിയുടെ പ്രവേശനത്തിന്റെ ഉള്ളുതുറന്ന അംഗീകാരമായിരുന്നു. . . .

ഗാന്ധിജിയുമായി ബന്ധപ്പെട്ട ഈ കാവ്യമാതൃകകൾ കൂടാതെ, അക്കാലം മുഴുവൻ, രാജ്യത്തോടും സ്വാതന്ത്ര്യത്തോടുമുള്ള തന്റെ ഹൃദയം നിറഞ്ഞ സ്നേഹവും നിസ്സഹകരണപ്രസ്ഥാനം തുറന്നുവിട്ട ദേശീയ മുന്നേറ്റത്തോടുള്ള ആഭിമുഖ്യവും ആവിഷ്കരിക്കുന്ന ഡസൻകണക്കിനു കവിതകൾ നസ്റുൾ എഴുതിക്കൊണ്ടിരുന്നു. തത്കാലം അദ്ദേഹം ആ പ്രസ്ഥാനവുമായി സാത്മ്യം പ്രാപിച്ചിരുന്നു. ആ കവിതകളിലും അക്കാലത്തെ നസ്റുളിന്റെ മറ്റു രചനകളിലും ദേശീയപ്രസ്ഥാനത്തിന്റെ മുഴുവൻ സ്വഭാവവും നമുക്കനുഭവിച്ചറിയാൻ കഴിയും.[44]

## മറാത്തി

ദേശീയമായ ഉണർച്ചയുടെ പ്രസ്ഥാനത്തിൽ ലോകമാന്യതിലക് അതിപ്രധാനമായ ഒരു സ്ഥാനമാണു വഹിച്ചത്. ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ കേസരി, മറാത്ത എന്നീ പത്രങ്ങളിലൂടെ തിലക് ദേശീയ പ്രസ്ഥാനത്തെ നാട്ടിൻപുറങ്ങളിലും എത്തിച്ചു. തിലക് നമ്മുടെ ഭൂതകാലചരിത്രത്തിലേക്കും പുരാണങ്ങളിലേക്കും തിരിയുകയും ജനങ്ങളുടെ ഭക്തിഭാവത്തെ ഉണർത്തുകയും ചെയ്തു. ശിവജിയുത്സവവും ഗണേശോത്സവവും മറ്റും ഇതിന്റെ ഭാഗമായിരുന്നു. ഈ ഉത്സവങ്ങളിൽ ദേശഭക്തിഗാനങ്ങൾ പാടിക്കൊണ്ട് യുവജനസംഘങ്ങൾ പര്യടനം നടത്തിയിരുന്നു. ദത്താത്രേയ അഥവാ ദത്തൻ എന്ന കവി ഇക്കാലത്ത് ആവേശപൂർവ്വം ഇങ്ങനെ എഴുതി.

"മതിമതി മതിമതി ഭക്ഷ്യപാനീയങ്ങൾ
ശ്രുതികളിൽ രണഭേരി വന്നടിപ്പൂ!
സമയം കളയാകെ, വൈകുന്നു ശത്രുക്കൾ
സമരാങ്കണത്തിൽ വന്നെത്തിനില്പൂ.
വരിക മാവാലരേ വേഗം പൊരുതുവാൻ
വരിക ശിവജി വിളിപ്പൂ നമ്മെ." [45]

ഭൂതകാലമഹിമകളോടൊപ്പം വർത്തമാനകാല യാഥാർത്ഥ്യങ്ങളിലും ദത്തന്റെ ശ്രദ്ധ പതിഞ്ഞു. ദത്തൻ അവിശ്രമപരിശ്രമങ്ങളിലൂടെയും മഹത്തായ കർമ്മശേഷിയിലൂടെയും അഹമ്മദ്നഗറിലെ ജനങ്ങൾക്ക് പുതിയ പ്രസ്ഥാനങ്ങളുടെ സാമൂഹ്യവും ദേശീയവുമായ സാർത്ഥകത ബോദ്ധ്യപ്പെടുത്തുകയും അഹമ്മദ്നഗറിൽ ആദ്യമായി ഒരുഗണപതിയുത്സവം സംഘടിപ്പിക്കുകയും ചെയ്തു. ഈ ഉത്സവത്തിൽ ആലപിക്കുവാൻ അദ്ദേഹം രചിച്ച ഗാനങ്ങൾ വളരെ പ്രചാരം നേടി.

"അക്കാലത്തു ഹിന്ദുമുസ്ലീം സമുദായങ്ങൾ തമ്മിൽ ശത്രുത നിലവിലുണ്ടായിരുന്നു. ദത്തൻ വേദനാപൂർവ്വകം ഈ വസ്തുതയെ ഇങ്ങനെ സൂചിപ്പിച്ചു:

'വരദമാകുമെന്നർത്ഥന കേൾക്കുവിൻ
ഭരതഭൂമിതന്നോമൽക്കിടാങ്ങളേ!
പരവിരോധം മറക്കുവിൻ, നാട്ടിന്റെ
പരഗതിക്കായ് ചിരം പ്രയത്നിക്കുവിൻ!
അഖിലനാശമായ്ത്തീരും ഫലം, നമ്മൾ
പക കരുതി പ്രവൃത്തി തുടരുകിൽ.
സഹജരെന്ന പോൽ ഹിന്ദുവും മുസ്ലീമും
സഹകരിച്ചു് സ്വദേശി വാങ്ങിക്കുവിൻ!' [46]

സ്വാതന്ത്ര്യത്തോട്, കുങ്കുമപതാക, മാവാലൻമാരോടുള്ള ആഹ്വാനം, ശ്രീ ശിവച്ഛത്രപതി, സുന്ദരപതംഗം എന്നിവ ദത്തിന്റെ ദേശാഭിമാനപ്രചോദിതമായ പ്രശസ്തകവിതകളാണ്.

വിനായക് എന്ന കവിയും ഇതേ കാലത്ത് ഇൻഡ്യയുടെ പാരതന്ത്ര്യത്തെയോർത്തു വിലപിക്കുകയും ഭൂതകാലമഹിമകളെ വാഴ്ത്തുകയും ചെയ്യുന്ന കവിതകൾ രചിച്ചു. 'ഹതഭഗിനി' എന്ന കവിത ഈ നിലയിൽ പ്രസിദ്ധമാണ്.

'അസ്വാതന്ത്ര്യയുടെ കീഴിൽ അനുഭൂതമായ വൈഫല്യബോധം' കേശവ് സുതന്റെ കവിതകളിൽ പ്രകടമാകുന്നു.

'എന്റെ മാതൃഭൂമിയുടെ നാമം', 'പ്രിയപ്പെട്ട ഹിന്ദുസ്ഥാൻ' എന്നീ കവിതകളിൽ റവ. തിലകും ദേശാഭിമാനപരമായ വികാരങ്ങൾക്കു രൂപം നല്കിയിട്ടുണ്ട്.[47]

മറാത്തിയിൽ ഏറെക്കുറെ എല്ലാ കവികളും ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനമുൾക്കൊണ്ട് ചില കവിതകളെങ്കിലും എഴുതിയിരുന്നതായി എം.വി. രാജാധ്യക്ഷ പ്രസ്താവിക്കുന്നു.[48] ചില കവികൾക്ക് അത് മുഖ്യപ്രമേയമായിരുന്നു. വിനായക് ദാമോദർ സവർക്കർ, ഗോവിന്ദ് എന്നിവരായിരുന്നു, അതിൽ പ്രമുഖർ. സവർക്കർ ശക്തനായ കവിയും ഗദ്യകാരനുമായിരുന്നു. ആൻഡമാനിൽ തടവിൽ കഴിയവേ രചിച്ച 'കമല' എന്ന കവിത ഇതിഹാസം എഴുതാത്ത ഇതിഹാസകവി എന്ന വിശേഷണം അദ്ദേഹത്തിനു നേടിക്കൊടുത്തു. ഇംഗ്ളണ്ടിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ താനനുഭവിച്ച ഗൃഹാതുരത്വത്തെ ആവിഷ്കരിക്കുന്ന കവിതയും ഏറെ പ്രസിദ്ധമാണ്.

ഗോവിന്ദിന്റെ (ഗോവിന്ദ ത്ര്യംബക് ഭരേകർ) രാജ്യസ്നേഹപരമായ ഗാനങ്ങൾ ഏറെ പ്രചാരം നേടിയവയാണ്.

**സിന്ധി**

ബംഗാൾ വിഭജനത്തെ തുടർന്ന് സിന്ധിയിൽ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ അലകൾ ഉയർന്നു തുടങ്ങി. സിന്ധിപണ്ഡിതൻ ലാൽചന്ദ് അമർദിനോമൽ (1885-1954) വന്ദേമാതരം മണ്ഡലി സ്ഥാപിച്ചു. സമരകൂടത്തിൽ രചിക്കപ്പെട്ട ആദ്യകവിത 'സ്വദേശി'യെ പരാമർശിച്ചായിരുന്നു. എഴുതിയത് ലാൽചന്ദ്. 'സ്വദേശിപ്രസ്ഥാനം ഒരുവശത്ത് സാമ്രാജ്യത്വവിരോധമായും മറുവശത്ത് രാഷ്ട്രത്തോടും ദേശീയനേതാക്കന്മാരോടുമുള്ള ഭക്തിയായും വളർന്നു വന്നു. ദേശഭക്തിപരമായ കവിതകൾ ബുള്ളറ്റിനുകളിലും ലഘുലേഖകളിലും പ്രസിദ്ധീകരിക്കപ്പെട്ടു. അവ ഉടനുടൻ നിരോധിക്കപ്പെടുകയും ചെയ്തു.[49]

'സാമുദായികമായ അനൈക്യമായിരുന്നു സ്വാതന്ത്ര്യലബ്ധിക്ക് പ്രധാന പ്രതിബന്ധം. അതു തുടച്ചുനീക്കാനുദ്ദേശിച്ച് പല കവികളും അതിനെക്കുറിച്ചെഴുതി. ഗാന്ധിജിയുടെ സ്വാധീനവലയത്തിൽ അകപ്പെട്ട കവികളുടെ കൂട്ടത്തിൽ കിഷൻചന്ദ് ബേവസ് ഉണ്ടായിരുന്നു. ഗാന്ധിയൻ ചിന്തകൾ സിന്ധികവിതയിൽ ആദ്യമായവതരിപ്പിച്ചത് അദ്ദേഹമായിരുന്നു. . . . . സ്വദേശി, ത്യാഗം, നിസ്സഹകരണം, അഹിംസ, ചർക്ക, ജീവിക്കലും ജീവിക്കാനനുവദിക്കലും എന്നിങ്ങനെയുള്ള പ്രമേയങ്ങളെക്കുറിച്ചും ആദർശങ്ങളെക്കുറിച്ചും അദ്ദേഹം നിരവധി കാവ്യങ്ങൾ രചിച്ചു.

"ഏററവും കൂടുതൽ ദേശീയഗാനങ്ങൾ രചിച്ചതു് ഹന്ദ്രാജ് ദുഖായൽ ആയിരുന്നു. അദ്ദേഹത്തിൻറെ മധുരഗാനാവിഷ്കരണം സിന്ധികളുടെ ഹൃദയത്തിൽ രാഷ്ട്രീയപ്രബുദ്ധതയുടെ ആവേശം പകർന്നു. 15 ഖണ്ഡങ്ങളുള്ള 'സംഗീത്ഫൂൽ' (1946) എന്ന കൃതിയിലെ അവസാനത്തേതും വിപുലവുമായ ഖണ്ഡം സ്വാതന്ത്ര്യഗാനങ്ങൾക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. 'ഉമർ മാരൂയി' എന്ന പേരിലുള്ള ഏഴാം ഖണ്ഡവും ദേശാഭിമാനത്തിൻറെയും കാവ്യഭാവനയുടെയും ഒരു അപൂർവ്വ സമന്വയമാണ്. അദ്ദേഹത്തിൻറെ ഏററവും ശ്രേഷ്ഠവും കരുത്തുററതുമായ കാവ്യം അനൈക്യത്തിൻറെ ദോഷഫലങ്ങൾ ചിത്രീകരിക്കുന്ന വാൺ അയ്ൻ കുഹാരോ (മരവും കോടാലിയും) എന്നത്രേ."[50]

"ഇഖ്ബാലിനെ മാതൃകയാക്കി ഹൈദർ ബക്ശ് ജതോയി രചിച്ച 'ശിക്വാ' (ഈശ്വരസന്നിധിയിലെ ആവലാതി) എന്ന കൃതി മതഭ്രാന്തൻമാരുടെ ഇടയിൽ ഒരു കൊടുങ്കാററുതന്നെ സൃഷ്ടിച്ചു. എന്നാൽ, ഗസ്സൽ പദ്യകൃതികൾ മിക്കവയും വിസ്മൃതങ്ങളായിത്തീരുവാനിടയായാലും, അദ്ദേഹത്തിൻറെ 'ആസാദി-ഏ-കൗം' (സ്വാതന്ത്ര്യഗാനങ്ങൾ) എന്ന കൃതിയും സിന്ധുനദിയെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കവിതയും ആളുകൾ പിന്നെയും പാരായണം ചെയ്തുകൊണ്ടിരിക്കും. . . . ദേവൻദാസ് ആസാദ് ആണ് പ്രസ്താവയോഗ്യനായ മറെറാരു നവയുഗകവി. അദ്ദേഹം എഡ്വിൻ ആർനോൾഡിൻറെ 'ലൈററ് ഓഫ് ഏഷ്യാ' എന്ന കൃതിയെ ഉപജീവിച്ച് 'പൂരബ്സന്ദേശ്' (പൂർവ്വദേശത്തിൻറെ സന്ദേശം) എന്ന പേരിൽ 1937-ൽ രചിച്ച കൃതി, സിന്ധി കവിതാപ്രേമികളുടെ എല്ലാം ഇടയിൽ നല്ല പ്രചാരമുള്ളതാണ്."[51]

"യുദ്ധം, ബ്രിട്ടീഷ് ഗവൺമെൻറിനെതിരായി ഇൻഡ്യയിൽ ഉടനീളം ഉണ്ടായ പ്രക്ഷോഭണം, സ്വദേശി-സ്വരാജ്-ക്വിറ്റിന്ത്യാ പ്രസ്ഥാനങ്ങൾ, ഹിന്ദു-മുസ്ളീം ലഹളകൾ, ഇൻഡ്യാ വിഭജനം എന്നിവ രാജ്യത്തിലുടനീളം വലിയ അസ്വസ്ഥത ഉണ്ടാക്കിയിരുന്നു. ഈ സംഭവങ്ങളും അഹിംസ, സത്യം, അനീതിക്കെതിരായുള്ള യുദ്ധം തുടങ്ങിയ ഗാന്ധിയൻ തത്വശാസ്ത്രങ്ങളും മറ്റ് ആധുനിക ഭാരതീയ സാഹിത്യങ്ങളെപ്പോലെ സിന്ധിയെയും സ്വാധീനിച്ചു. ദേശഭക്തി, ഹിന്ദുമുസ്ളീം ഐക്യം, അയിത്തത്തിന്റെയും മറ്റ് സാമൂഹ്യ തിന്മകളുടെയും നിർമാർജനം, അധഃസ്ഥിതരോടും ദരിദ്രരോടുമുള്ള സഹതാപം, പ്രാചീനാർഷപാരംപര്യത്തോടുള്ള പ്രേമം, തുടങ്ങിയ ചിന്താസരണികളുടെ പ്രതിദ്ധ്വനികൾ സിന്ധിയിലെ ഗദ്യത്തിലും പദ്യത്തിലും പരക്കെ കേട്ടു." എന്ന് എം.കെ. ജെയ്ട്ലി പ്രസ്താവിക്കുന്നു.[52]

ഹിന്ദി

"ഹിന്ദി സാഹിത്യത്തിലെ ആധുനികയുഗത്തിനു തുടക്കം കുറിച്ചത് ഭാരതേന്ദു ഹരിശ്ചന്ദ്രയാണ്. (1850-84) ഭാരതേന്ദുവും അദ്ദേഹത്തിന്റെ സുഹൃദ്വലയത്തിൽപെട്ട എഴുത്തുകാരും രചിച്ച കവിതകളിൽ അന്നു നാമ്പെടുത്തു തുടങ്ങിയിരുന്ന ദേശീയബോധവും കോളനിഭരണത്തിന്റെ ചൂഷണത്തിൽ നിന്നു മോചനം നേടാനുള്ള അഭിലാഷവും പ്രതിഫലിച്ചിരുന്നു. എന്നാൽ, ഈ പ്രതിഷേധപ്രകടനം ദുർബലമായിരുന്നു. ഭാരതീയരുടെ ശോചനീയാവസ്ഥയെ കുറിച്ചുള്ള വിലാപമാണ് അതിൽ മുഖ്യമായി മാറ്റൊലി കൊണ്ടിരുന്നത്" എന്നിങ്ങനെ ഗിരിജാ കുമാർ മാഥുർ പ്രസ്താവിക്കുന്നു.[53]

ഇരുപതാം ശതകത്തിന്റെ ആരംഭത്തിലെ ഹിന്ദിസാഹിത്യം ദേശീയ നേതാക്കൻമാരുടെ ആശയങ്ങൾ കൊണ്ടു നിറം പകർന്നതായിരുന്നു, എന്നാണ് സാഹിത്യചരിത്രത്തിൽ ആർ.സി. പ്രസാദ് പ്രസ്താവിക്കുന്നത്. അദ്ദേഹം അതു് ഇങ്ങനെ വിശദമാക്കുന്നു: "അക്കാലത്തെ രാഷ്ട്രീയമായ ആദർശാദി നിവേശങ്ങളുടെ സ്വാധീനം ഭാരതേന്ദു ഹരിശ്ചന്ദ്ര (1850-85), ശ്രീധർ പഥക്(1876-1928), അയോധ്യസിങ് ഉപാധ്യായ (1865-1946), മഹാവീർ പ്രസാദ് ദ്വിവേദി (1870-1938), സുഭദ്രാ കുമാരി ചൗഹാൻ, മഖൻലാൽ ചതുർവേദി, മൈഥിലീശരൺഗുപ്ത(1886-1964) തുടങ്ങിയ അനേകം സാഹിത്യകാരൻമാരുടെ കൃതികളിൽ വ്യക്തമായി കാണാം. നിരാലാ, പാന്ത് തുടങ്ങിയവരാൽ നയിക്കപ്പെട്ട റൊമാന്റിക് സ്കൂളിലെ കവികളിൽ ടാഗോറിന്റെ സ്വാധീനവും അനുഭവപ്പെട്ടിരുന്നു. ചരിത്രപ്രസിദ്ധി നേടിയ സ്വാമി ശ്രദ്ധാനന്ദ, സന്ത്റാം, ഗണേശ് ശങ്കർ വിദ്യാർത്ഥി, ബാലമുകുന്ദഗുപ്ത, രാധാചരണഗോസ്വാമി എന്നിവരുടെ കൃതികളിൽ ആര്യസമാജിന്റെ സ്വാധീനം കാണാം. മഹാവീർ പ്രസാദ് ദ്വിവേദി യേയും അദ്ദേഹം പ്രസാധനം ചെയ്ത സാഹിത്യമാസികയായ സരസ്വതി(1900-20) യേയും വലയം ചെയ്ത കവികളും എഴുത്തുകാരും ദേശീയപ്രസ്ഥാന ത്താൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു."[54]

ഇക്കൂട്ടത്തിൽ മൈഥിലി ശരൺഗുപ്ത പ്രത്യേക പരാമർശമർഹിക്കുന്നു. "അദ്ദേഹത്തിന്റെ പ്രഥമകാവ്യം 1905-ൽ സരസ്വതിയിൽ പ്രത്യക്ഷപ്പെട്ടു. 1912-ൽ പുറത്തുവന്ന 'ഭാരത്ഭാരതി' യാണ് അദ്ദേഹത്തിന്റെ ആദ്യത്തെ വിഖ്യാതകാവ്യം. അതു ശരിക്കുമൊരു കോളിളക്കം തന്നെ സൃഷ്ടിക്കുകയുണ്ടായി. തീക്ഷ്ണമായ പ്രചോദനം ഉൾക്കൊണ്ടെഴുതിയ 'ഭാരത്ഭാരതി' പെട്ടെന്നു്

വിപുലമായ ജനപ്രീതി ആർജിച്ചു. ഈ കാവ്യത്തിന്റെ സാംസ്കാരിക പ്രഭാവത്തിനുണ്ടായിരുന്ന വ്യാപ്തി മാത്രമല്ല, അക്കാലത്തു വളർന്നുവന്ന സ്വാതന്ത്ര്യബോധവും അതിന്റെ പ്രചാരത്തെ സഹായിച്ചു. . . . . ഐതിഹാസികമാനമുള്ള കാവ്യരചനാപരിശ്രമം ദീർഘകാലം ഏറ്റെടുത്തു എന്നതിലാണ് അദ്ദേഹത്തിന്റെ മഹത്ത്വം അന്തർഭവിച്ചിരിക്കുന്നത്. 'പ്രബന്ധകാവ്യ' ശില്പ (ഇതിഹാസകാവ്യം)മാണ് അദ്ദേഹം തന്റെ കൃതികൾക്കു തെരഞ്ഞെടുത്തത്. ക്ലാസിക്കുകളിൽ നിന്നു സ്വീകരിച്ച ഒരു കഥയോ പ്രമേയമോ അവയിലോരോന്നിലുമുണ്ട്. . . . . ദേശീയലക്ഷ്യത്തിന് അദ്ദേഹം നല്കിയ സംഭാവനകളെ അംഗീകരിച്ചുകൊണ്ട് ഗാന്ധിജി 1936-ൽ കവിയുടെ 50-ാം പിറന്നാൾ ആഘോഷിച്ചപ്പോൾ 'രാഷ്ട്രകവി' എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുകയുണ്ടായി."[55] "ഉദ്ബോധകങ്ങളായ ദേശീയകവിതകൾ കൊണ്ടും, ഗാർഹിക ജീവിതത്തിന്റെ ലളിതവും ഹൃദയസ്പർശകവുമായ വിശദചിത്രങ്ങൾ കൊണ്ടും അക്കാലത്തെ എഴുത്തുകാരുടെ മുൻപന്തിയിൽ സ്ഥാനം പിടിച്ച ഒരു അനുഗൃഹീത കവയിത്രിയാണ് സുഭദ്രകുമാരി ചൗഹാൻ" എന്ന് എസ്.എച്ച്. വാത്സ്യായൻ വിലയിരുത്തുന്നു.[56]

**സംസ്കൃതം**

ദേശീയപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ തന്നെ അതിന്റെ സ്വാധീനത സംസ്കൃതസാഹിത്യത്തിൽ പ്രകടമായിക്കാണാം. സംസ്കൃത സാഹിത്യത്തിൽ ദേശീയ പ്രസ്ഥാനം ഉളവാക്കിയ സ്വാധീനതയെ ഡോ.വി.രാഘവൻ ഇങ്ങനെ വിലയിരുത്തി കാണുന്നു:

"ഈ അഭിനവപ്രസ്ഥാനം വാസ്തവത്തിൽ ഒരു നവോത്ഥാനവും ഭാരതത്തിന്റെ ആത്മാവിനെ കണ്ടെത്തുവാനുള്ള ഒരു പുതിയ അന്വേഷണവുമായിരുന്നു. ആധുനിക വിദ്യാഭ്യാസവും വിമർശനമനോഭാവവും ഗാഢതരമായ ഇൻഡ്യാചരിത്രവിജ്ഞാനവും കൈവന്നതോടെ ഇൻഡ്യയുടെ പൈതൃക സംപത്തിന്റെ മൂല്യത്തെപ്പറ്റി പുതിയ ഒരു ബോധം സംജാതമായി. വിശിഷ്യ സംസ്കൃതാഭിജ്ഞന്മാർ പ്രാചീന ഭാരതത്തിന്റെ മഹിമയുടെ നേർക്കു് ഭക്തിവ്യഗ്രതയോടെ കണ്ണുതിരിച്ചു. ഇതു് അവർക്കൊരു നവോത്ഥാന ശ്രമത്തിനു പ്രേരണ നല്കി. ഭാരത സംസ്കാരത്തിലെ ഉൽകൃഷ്ടതരങ്ങളായ ആദ്ധ്യാത്മികമൂല്യങ്ങൾ, ആധുനിക പരിഷ്കാരത്തിന്റെ ഭൗതികസ്വഭാവം, പുതിയ മോടിപ്പകിട്ടുകളുടെയും ദൗർബല്യങ്ങളുടെയും പെരുക്കം, പാശ്ചാത്യസംപ്രദായങ്ങളുടെ തുലോം അന്ധമായ അനുകരണം ഇവയൊക്കെ ഒരു പ്രത്യാഘാതം ഉളവാക്കുകയും അതു ഭാരതത്തിന്റെ ആത്മചൈതന്യം പുനഃപ്രതിഷ്ഠാപനം ചെയ്യുന്നതിനു വഴി തെളിക്കുകയും ചെയ്തു. ചിരേണ ദേശീയതയുടെയും സ്വാതന്ത്ര്യപ്രക്ഷോഭണത്തിന്റെയും പുറപ്പാടായി. പൊതുകാര്യപ്രവർത്തകരായ അസംഖ്യം പ്രമുഖ നേതാക്കന്മാർ രംഗപ്രവേശം ചെയ്തു. അവരുടെ രാജ്യാഭിമാനവും ത്യാഗബുദ്ധിയും വാഗ്മിതയും സമരപരിപാടികളും സാധാരണക്കാരെയും ബുദ്ധിജീവികളെയും ഒന്നുപോലെ ഇളക്കി. ദേശീയ വ്യഗ്രത സംസ്കൃത പണ്ഡിതന്മാരിലേക്കും സംക്രമിച്ചു. ഈ കാലഘട്ടത്തിലുണ്ടായ സംസ്കൃതകൃതികൾ ഈ നവചൈതന്യത്തിന്റെ മുദ്രകൾ വഹിക്കുന്നുണ്ട്."[59]

ഈ നിലയിൽ സവിശേഷപരാമർശമർഹിക്കുന്ന കൃതികളെപ്പറ്റി അദ്ദേഹം സംക്ഷിപ്തമായി പ്രതിപാദിക്കുന്നു: "ആനന്ദാചരണ തർക്കചൂഡാമണിയുടെ '

'ഗതേതമേവ' (അതെല്ലാം കഴിഞ്ഞു) എന്ന കൃതി, ഭാരതത്തിന്റെ അതിതമാഹാത്മ്യത്തെ സ്മരിച്ചുള്ള ഒരു വിലാപമാണ്. (സംസ്കൃത ചന്ദ്രിക: വാല്യം 5), എം.കെ.താതാചാര്യരുടെ 'ഭാരതീമനോരഥ'മാണ് ഇനിയൊന്ന്. കവി കടൽപ്പുറത്തുപോയിരുന്നു ചിന്തിക്കുകയാണ്. നാടിന്റെ പണ്ടേകാലത്തെ ഉത്കൃഷ്ടസംസ്കാരത്തിന്റെയും ആധുനികകാലത്തു പിണഞ്ഞ അപകർഷത്തിന്റെയും ചിത്രങ്ങൾ അദ്ദേഹം ഭാവനയിൽ ദർശിക്കുന്നു. എസ്.ടി.ജി.വരദാചാര്യർ രചിച്ച 'സുഷുപ്തിവൃത്തം' ഒരു സ്വപ്നമാണ്. മൂന്നു സർഗങ്ങളുള്ള പ്രസ്തുത കാവ്യത്തിൽ ഭാരതത്തിന്റെ പ്രാചീനമഹത്വത്തിനെതിരേ ഇന്നത്തെ ഇരുണ്ട ചിത്രം കവി ആദ്യമായി വരയ്ക്കുന്നു. അന്ധകാരത്തെ ദൂരീകരിക്കുവാൻ രാഷ്ട്രചക്രവാളത്തിൽ പ്രത്യക്ഷപ്പെടുന്ന മഹാത്മജിയുടെ രൂപം പിന്നീട് ചിത്രീകരിക്കുന്നു. മന്ദാക്രാന്താവൃത്തത്തിൽ വിരചിതവും സ്വരാജ്യസ്നേഹത്താൽ അനുപ്രാണിതവുമായ ഇരുപത്തഞ്ചു ശ്ലോകങ്ങളിലൂടെ എം.വി.സുബ്രഹ്മണ്യയ്യർ തന്റെ 'ഭാരതവധൂവിഷാദ'ത്തിൽ ഇൻഡ്യയുടെ മഹനീയമായ പാരമ്പര്യത്തിനു സംഭവിച്ച വിനാശത്തെ ചൊല്ലി ദു:ഖിക്കുന്നു. ഈ വിഷയം തന്നെ എടുത്തു സവിസ്തരം പ്രതിപാദിക്കുന്ന ഒരു കവിതയാണ് കെ.എസ്. കൃഷ്ണമൂർത്തി ശാസ്ത്രിയുടെ 'ഭാരതഭാഗ്യവിപര്യയം'. 'ഭാരതീഗീത'യിൽ ഭാരതാംബയെ പ്രകീർത്തിക്കുന്ന ഒന്നാംകിട ആര്യവൃത്തശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു." [58]

"ബ്രിട്ടീഷ് ഭരണത്തെ അപലപിച്ചുകൊണ്ട് പ്രഗത്ഭരായ പല പണ്ഡിതൻമാരും കവിതകളെഴുതിയിട്ടുണ്ട്. ശിക്ഷാനടപടികൾ ഭയപ്പെട്ടിരുന്ന അക്കൂട്ടർ തുറന്നടിച്ചു. കാര്യങ്ങൾ പറയാതെ സംസ്കൃതഭാഷയുടെ വശ്യതയും ശക്തിയും പ്രയോജനപ്പെടുത്തി വ്യംഗ്യഭംഗിയിൽ വൈദേശിക ഭരണത്തെ വിമർശി

ക്കുകയാണുണ്ടായത്. പ്രമുഖ പണ്ഡിതനായ ശംഭുശർമ്മയുടെ 'സാത്വിക സ്വപ്നം' ഇതിനു് ഉത്തമദൃഷ്ടാന്തമാണ്. . . . 1930-ൽ രചിക്കപ്പെട്ട ഈ ഖണ്ഡകാവ്യത്തിനു് പ്രശസ്തപണ്ഡിതനായ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ഗവൺമെൻറിനും ഭരണമേധാവികൾക്കും പ്രിയംകരമല്ലാതിരുന്ന നിഗൂഢാർത്ഥങ്ങൾ അദ്ദേഹം വെളിച്ചത്തു കൊണ്ടുവന്നു. വൈദേശികഭരണകൂടങ്ങളുടെ സഹായത്തോടുകൂടെ ബലപ്രയോഗം കൊണ്ടു് സ്വാതന്ത്ര്യം കൈവരിക്കാമെന്നു് വിശ്വസിച്ചിരുന്ന ധീരദേശാഭിമാനിയായിരുന്ന സുഭാഷ്ചന്ദ്രബോസിന്റെ ജീവിതത്തേയും പ്രവൃത്തികളേയും സംബന്ധിച്ച് സംസ്കൃതത്തിൽ പല കാവ്യങ്ങളും ഉണ്ടായിട്ടുണ്ട്."[59] എന്നിങ്ങനെ ഈ.ആർ.കൃഷ്ണശർമ്മ പ്രസ്താവിക്കുന്നു.

ദേശീയപ്രസ്ഥാനത്തിലെ നേതാക്കൻമാരെ പ്രകീർത്തിക്കുന്ന ഒട്ടേറെ കാവ്യങ്ങൾ അക്കാലത്തുണ്ടായി. 'സംസ്കൃതചന്ദ്രിക' മുതലായ പത്രികകളിലാണവ പ്രസിദ്ധീകൃതമായതു്. "എന്നാൽ സംസ്കൃത സാഹിത്യകാരൻമാരെ ഏററവും അധികം ആകർഷിച്ചതു് ഇന്നത്തെ രാഷ്ട്രീയകർമ്മപരിപാടിയോട് ഭാരതത്തിലെ പ്രാചീന മഹാത്മാക്കളുടെ ചില ആദർശങ്ങളും സാങ്കേതിക പദ്ധതികളും കൂട്ടിയിണക്കിയ മഹാത്മാഗാന്ധിയുടെ വ്യക്തിമാഹാത്മ്യമാണ്. പുതിയ ഗീതികൾക്കും മഹാകാവ്യങ്ങൾക്കും അനുയോജ്യനായ ഒരു നായകനെ, വാസ്തവത്തിൽ രാമനെപ്പോലെയോ ബുദ്ധനെപ്പോലെയോ ഉളള ഒരു നായകനെ അവർക്കു് ആ മഹാപുരുഷനിൽ കാണുവാൻ കഴിഞ്ഞു. ആധുനികഭാരതത്തിന്റെ ചരിത്രത്തിൽ ഇതിഹാസ പ്രതീതി ജനിപ്പിക്കുന്ന ഒന്നാണു് ഗാന്ധിജിയുടെ സത്യാഗ്രഹ സമരത്തിന്റെ കഥ. പല കാവ്യങ്ങൾക്കും വിഷയമായിത്തീർന്നു, അതു്. അഴകും ഒഴുക്കുമുളള മഹാകാവ്യശൈലിയിൽ നിബന്ധി

ച്ചിട്ടുള്ള ക്ഷമാറാവുവിന്റെ 'സത്യാഗ്രഹഗീത'യും (പാരീസ് 1932), 'ഉത്തര സത്യാഗ്രഹഗീത (ബോംബെ 1949)യും, സി.പാണ്ഡുരംഗശാസ്ത്രിയുടെ 'സത്യഗ്രഹകഥ'യും (മധുരവാണി), ജജ്ജാറിലെ (റോട്ടക്ക്) സത്യദേവ് വസിഷ്ഠന്റെ 'സത്യഗ്രഹനീതികാവ്യ'വും മഹാത്മാഗാന്ധിക്കു പ്രിയപ്പെട്ട ഭഗവത്ഗീതയുടെ ശബ്ദം നിരാം മാറ്റൊലിക്കൊള്ളുന്നതും ശ്രീ. രാധ് പത്രീകർ (പൂനാ) രചിച്ചതുമായ 'ഗാന്ധിതത്ത്വസംഗ്രഹവും' ഇങ്ങനെ ജന്മമെടുത്തിട്ടുള്ളതാണ്. മഹാത്മജിയെ ഭാരതകല്പതരുവായി കല്പിച്ച് ക്ളാസ്സിക്കൽ മഹാകാവ്യത്തിന്റെ രൂപത്തിൽ ഒരു ഇതിഹാസം 'ഭാരതപാരിജാതം' 'പാരിജാതാപഹാരം' 'പാരിജാതസൗരഭം' എന്നിങ്ങനെ മൂന്നു ഭാഗങ്ങളിലായി സ്വാമി ഭാഗവദാചാര്യ നിർമ്മിച്ചു. ദർഭംഗയിലെ സാധുശരൺമിത്ര ഇരുപതു സർഗങ്ങളിൽ 'ശ്രീമദ് ഗാന്ധിചരിതം' എന്നൊരു കാവ്യം രചിച്ചു. ഗാന്ധിദർശനവ്യാഖ്യാനങ്ങളുടെ കൂട്ടത്തിൽ ഡി.എസ്. ശർമ്മയുടെ 'ഗാന്ധിസൂത്രങ്ങൾ' പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. പണ്ടേക്കാലം മുതല്ക്കേ ആദരിക്കപ്പെട്ടുപോരുന്ന സൂത്രങ്ങളുടെ മട്ടിലാണു ഗ്രന്ഥം നിർമ്മിച്ചിരിക്കുന്നത്. ഇതിലെ സൂത്രങ്ങളെ ഗാന്ധിജിയുടെ ഇംഗ്ളീഷ് പ്രസംഗങ്ങളിൽ നിന്നും ലേഖനങ്ങളിൽ നിന്നുമുള്ള ഉദ്ധാരണങ്ങൾ കൊടുത്തു വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജിയെയും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെയും സംബന്ധിച്ചുള്ള ഖണ്ഡകവിതകൾ ഒട്ടുവളരെ പത്രങ്ങളിലും ലഘുകവിതാസമാഹാരങ്ങളിലും വന്നിട്ടുണ്ട്. ഉദാഹരണമായി, അമൃതവാണിയിൽ എസ്.കൃഷ്ണംഭട്ടിന്റെ 'ഗാന്ധിസപ്താഹ'വും (1945), ഡോക്ടർ മാത്രായുടെ 'സുവർണ്ണബിന്ദുവി'ലെ കവിതയും നോക്കുക. രണ്ടാമത്തതിൽ ഉപയോഗിച്ചിരിക്കുന്ന വൈദികഛന്ദസ്സ്, ഭാരതത്തിലെ ഋഷിപരംപരയിൽപെട്ട ആളാണ് മഹാത്മജി എന്നു സൂചിപ്പിക്കുന്നു. സി.ഡി. ദേശ്മുഖിന്റെ 'ഗാന്ധിസൂക്തമുക്താവലി'യാണ് ഗാന്ധിജിയുടെ ചിന്തകളെ

സംബന്ധിച്ച ഏററവും ആധുനികമായ ആവിഷ്കരണം." [60]

## ഇന്ത്യയിലെ ഇംഗ്ളീഷ് സാഹിത്യം

ആദ്യത്തെ മികച്ച ഇൻഡോ-ആംഗ്ളിയൻ എഴുത്തുകാരൻ റാം മോഹൻ റോയ് ആയിരുന്നു എന്നു് സാഹിത്യചരിത്രകാരൻമാർ രേഖപ്പെടുത്തുന്നു. എന്നാൽ റാം മോഹൻറോയിയുടെ രചനകൾ എല്ലാം ഗദ്യത്തിലുള്ളവയാണു്. ആദ്യത്തെ ഇൻഡോ-ആംഗ്ളിയൻ കവി ഹെന്ട്രി ഡെറോസിയോ (1807-1831) ആണു്. ഒരു 'ആംഗ്ളോ ഇൻഡ്യൻ' ആയിരുന്നിട്ടും മനോഭാവത്തിൽ തികച്ചും ഭാരതീയനായിരുന്നു, അദ്ദേഹം. [61] കാശിപ്രസാദ് ഘോഷ്, മൈക്കിൾ മധുസൂദനദത്ത് എന്നിവരത്രേ ഈ രംഗത്തെ അഗ്രഗാമികളിൽ ചിലർ. അരുദത്തിന്റെയും തോരുദത്തിന്റെയും രംഗപ്രവേശം ഇന്തോ-ആംഗ്ളിയൻ കവിതയിൽ നവോന്മേഷം പകർന്നുവെങ്കിലും ഇരുവരും യൗവനത്തിൽ തന്നെ അന്തരിച്ചതിനാൽ അവരുടെ യഥാർത്ഥപ്രതിഭാവിലാസം പ്രകടിതമാകാതെപോയി.

ടാഗോറിന്റെയും അരവിന്ദഘോഷിന്റെയും കൃതികൾ ഭാരതത്തിന്റെ ഉണർന്ന ദേശീയതയ്ക്കു് സഞ്ജീവനമന്ത്രമായിത്തീർന്നു.

ഗാന്ധിയൻയുഗത്തിൽ ഒരുസുപ്രധാനഭാഗം അഭിനയിച്ച സരോജിനി നായിഡു കവിയായും പ്രസിദ്ധിയാർജിച്ചു. തന്റെ രാജ്യത്തിന്റെ ആകാംക്ഷകളെ ആംഗലഭാഷയിലൂടെ ഉദ്ഘോഷണം ചെയ്യുകയായിരുന്നു, അവർ. [62]

ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ, പി. ശേഷാദ്രി, ജി.കെ.ചെകൂർ, ഹുമയൂൺ കബീർ തുടങ്ങിയവരുടെ കവിതകളിൽ ദേശീയപ്രസ്ഥാനത്തിന്റെ അനുരണനങ്ങളുണ്ട്.

നൂറ്റാണ്ടുകൾ നീണ്ട വൈദേശികാധിപത്യം കൊണ്ട് ഊഷരമായ ഭാരതീയമനസ്സുകളിൽ ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ദേശാഭിമാനത്തിന്റെ നവമുകുളങ്ങൾ പ്രത്യക്ഷപ്പെടുന്നു എന്നു ഇക്കാലത്തെ കവിതകൾ വ്യക്തമാക്കുന്നു. ഭാരതത്തിന്റെ ഗതകാലമഹത്ത്വത്തിലുള്ള അഭിമാനവും കൊളോണിയലിസത്തോടുള്ള പ്രതിഷേധവും ഈ കവിതകളിലെ മുഖ്യസ്വരധാരകളാണ്. സ്വാതന്ത്ര്യബോധം സൃഷ്ടിച്ച സാമൂഹികപരിഷ്കരണ വ്യഗ്രത സാമൂഹ്യപ്രശ്നങ്ങളെ ഗൗരവമായി കാണുവാൻ കവികളെ പ്രേരിപ്പിച്ചിട്ടുണ്ട്. ഭാരതദേശീയതയുടെ സവിശേഷതയായ സാർവ്വദേശീയതയെ ഉൾക്കൊള്ളുവാനും പല കവികൾക്കും കഴിഞ്ഞിട്ടുണ്ട്.

ആത്മീയതയിലധിഷ്ഠിതമായ മാനവികത ആദർശോന്മുഖത എന്നിവയും മറ്റ് ഗാന്ധിയൻ സങ്കല്പങ്ങളും ഈ കവിതകളിൽ ജൈവചൈതന്യമായി നിലകൊള്ളുന്നു.

## കുറിപ്പുകൾ

1. ഡോ: കെ.എം. ജോർജ്. *ഭാരതീയസാഹിത്യചരിത്രം.* വാ. 2 (കേരള സാഹിത്യ അക്കാദമി, തൃശൂർ, 1983.) പു. 544, 45.

2. വി.കെ. ഗോകക്. *ഭാരതീയസാഹിത്യചരിത്രം.* വാല്യം 1 എഡി: ഡോ.കെ.എം. ജോർജ് (കേരളസാഹിത്യ അക്കാദമി, തൃശൂർ, 1982.) പു. 323.

3. ഭാരതീയസാഹിത്യചരിത്രം. വാല്യം 2. പു. 549

4. ബിരിഞ്ചികുമാർ ബറുവ. *സമകാലീന ഭാരതീയസാഹിത്യം.* പരിഭാഷ. ഇടയാറന്മുള കെ.എം. വർഗീസ്. (കേന്ദ്ര സാഹിത്യ അക്കാദമി, ദൽഹി, 1964) പു. 14.

5. ബിരിഞ്ചികുമാർ ബറുവ. *അസാമീയസാഹിത്യചരിത്രം.* വിവർത്തനം: ഇ.കെ. പുരുഷോത്തമൻ. (കേന്ദ്രസാഹിത്യ അക്കാദമി, ദൽഹി 1972) പുറം 169.

6. അതിൽത്തന്നെ. പു. 165, 166.

7. *സമകാലീനഭാരതീയസാഹിത്യം.* പുറം. 16

8. *അസ്സാമീയ സാഹിത്യചരിത്രം.* പു. 180

9. മഹേന്ദ്രബോറ. *ഭാരതീയ സാഹിത്യചരിത്രം.* വാ. 1 പുറം. 336.

10. അതിൽത്തന്നെ. അതേ പുറം.

11. *ഭാരതീയസാഹിത്യചരിത്രം.* വാല്യം 2. പുറം. 553.

12. ഖ്വാജാ അഹ്മദ് ഫാരൂകി. '*സമകാലീന ഭാരതീയസാഹിത്യം*. പു. 97,98.

13. ഖ്വാമാർ റഷീദ്. *ഭാരതീയ സാഹിത്യചരിത്രം.* വാ. 1. പു. 341.

14. അതിൽത്തന്നെ. അതേ പുറം.

15. *സമകാലീനഭാരതീയസാഹിത്യം*. പുറം. 107.

16. ജതീന്ദ്രമോഹൻ മൊഹന്തി. *ഭാരതീയ സാഹിത്യചരിത്രം.* വാല്യം. 1, പുറം. 351.

17. അതിൽത്തന്നെ. അതേ പുറം.

18. അതിൽത്തന്നെ.

19. ഭാരതീയസാഹിത്യചരിത്രം. വാ.2. പു. 557.

20. കെ.ശാന്തിനാഥദേശായി. *ഭാരതീയ സാഹിത്യചരിത്രം.* വാ.1. പു. 359.

21. വി.കെ. ഗോകക്. *സമകാലീനഭാരതീയ സാഹിത്യം*. പു. 176.

22. അതിൽത്തന്നെ. അതേ പുറം.

23. രം ശ്രീ.മുഗളി. *കന്നഡ സാഹിത്യചരിത്രം.* (സാഹിത്യ അക്കാദമി, ന്യൂഡൽഹി.) 1976. പു. 270.

24. ഭാരതീയസാഹിത്യ ചരിത്രം. വാ.2. പു. 569.

25. അതിൽത്തന്നെ. പു. 570-71.

26. *ഭാരതീയസാഹിത്യചരിത്രം.* വാ.1. പുറം. 380.

27. അതിൽത്തന്നെ. അതേപുറം

28. *സമകാലീന ഭാരതീയസാഹിത്യം.* പുറം. 236.

29. ടി.പി.മീനാക്ഷിസുന്ദരം. *സമകാലീനഭാരതീയസാഹിത്യം.* പു. 269.

30. അതിൽത്തന്നെ. പു. 270.

31. Dr. Prema Nandakumar. *Subrahmanya Bharati* (National Book Trust. New Delhi.) 1979. P. 17.

32. *ഭാരതീയസാഹിത്യചരിത്രം.* വാ. 2. പുറം. 575.

33. കെ.രാമകോടീശ്വരറാവു. 'തെലുങ്കുസാഹിത്യം' *സമകാലീന ഭാരതീയ സാഹിത്യം.* പുറം. 298.

34. *ഭാരതീയസാഹിത്യചരിത്രം.* വാ.2. പുറം. 579.

35. അതിൽത്തന്നെ.

36. *ഭാരതീയസാഹിത്യചരിത്രം.* വാ.1. പുറം. 408.

37. കാസി അബ്ദുൽ വാദൂദ്. 'വംഗസാഹിത്യം' *സമകാലീന ഭാരതീയ സാഹിത്യം.* പു. 347.

38. Niharanjan Ray - An Artist in Life - *A Commentary on the life and works of Rabindranath Tagore* (University of Kerala. Trivandrum. 1967) P. 403.

39. Sukumar Sen. History of Bengali Literature (Sahitya Akademi, New Delhi-1979) p. 307.

40. അലോക്റോയി. ഭാരതീയസാഹിത്യചരിത്രം. വാ.1. പുറം. 418.

41. History of Bengali Literature. P. 324

42. ഗോപാൽ ഹൽദാർ. കാസി നസ്രുൽ ഇസ്ലാം. പരിഭാഷ. സച്ചിദാനന്ദൻ. (കേന്ദ്ര സാഹിത്യ അക്കാദമി, ദൽഹി, 1988) പുറം. 41.

43. അതിൽത്തന്നെ. അതേപുറം.

44. അതിൽത്തന്നെ. പു. 47.

45. അനുരാധ പോട്ദാർ. ദത്തകവി പരി: ഏ.പി.പി.നമ്പൂതിരി. (സാഹിത്യ അക്കാദമി, ദൽഹി, 1984) പുറം. 56,57.

46. അതിൽത്തന്നെ. പുറം. 61, 62.

47. അതിൽത്തന്നെ. പുറം. 57.

48. എം.വി.രാജാധ്യക്ഷ. ഭാരതീയസാഹിത്യചരിത്രം. വാ.1. പുറം. 469.

49. എച്ച്.ഐ. സദാരംഗാനി. ഭാരതീയസാഹിത്യചരിത്രം. വാ.1. പുറം. 467.

50. അതിൽത്തന്നെ. അതേ പുറം.

51. എൽ.എച്ച്.അജ്വാണി. സമകാലീനഭാരതീയസാഹിത്യം. പുറം. 575.

52. എം.കെ. ജൈത്ലി. ഭാരതീയസാഹിത്യചരിത്രം. വാല്യം.2. പുറം. 611.

53. ഭാരതീയസാഹിത്യചരിത്രം. വാ.1. പു. 472.

54. ഭാരതീയസാഹിത്യചരിത്രം. വാ. 2. പു. 616.

55. ഗിരിജാകുമാർ മാഥുർ. ഭാരതീയസാഹിത്യചരിത്രം. വാ. 1. പു. 473.

56. സമകാലീനഭാരതീയ സാഹിത്യം. പുറം. 621, 622.

57. വി. രാഘവൻ. 'സംസ്കൃതസാഹിത്യം' സമകാലീനഭാരതീയസാഹിത്യം. പുറം. 546.

58. അതിൽത്തന്നെ. പുറം. 547.

59. ഭാരതീയസാഹിത്യചരിത്രം. വാ.2. പു. 607.

60. വി. രാഘവൻ. സമകാലീനഭാരതീയസാഹിത്യം. പു. 550,551.

61. അതിൽത്തന്നെ. പുറം. 47.

62. M.K. NAIK. A History of Indian English Literature (Sahitya Akademi. New Delhi. 1989) p. 143.